മലങ്കര

# വിയോജിതൻ.

## THE MALABAR SEPARATIST.

പുസ്തകം 2. } 1098 ചിങ്ങം, കന്നി { ലക്കം 3.


### മംഗളം.

പത്രപ്പുള്ളു പയററിനൊത്ത പടിവായ് പണ്ടിപ്പു മാലോകരെ
രഞ്ജിപ്പിപ്പതിനാത്മമിക്കുമധികം പത്രങ്ങളുണ്ടിക്ഷിതൌ
നെഞ്ഞിൽ ക്രൂരവിഷം കലർന്നൊരവയെ നോക്കാതെയെൻമാസിക-
ക്കുഞ്ഞേ! നേരുരചെയ്തുകൊണ്ടു വളരെക്കാലം വിളങ്ങീടു നീ.

K. V. S.

### ശിശുക്രീഡ.

ടാഗോർകൃതിയുടെ പരിഭാഷ.

(K. V. S.)

വിവിധകാര്യപര്യാകുലനായ ഒരു പ്രൌഢവയസ്കൻ തന്റെ ശിശുവിന്റെ ഉഷഃകാലലീലയെ നോക്കിക്കൊണ്ട് ആത്മോപാലംഭം ചെയ്തു പറയുന്നു:—

കുഞ്ഞേ! പരം മണ്ണിലിരുന്നു ചുള്ളി-
ക്കമ്പിന്റെ തുണ്ടൊന്നു കരത്തിലേന്തി
പ്രഭാതകാലം മുഴുവൻ കളിക്കും
നീയെത്ര ഭാഗ്യാംബുധി! പാരിടത്തിൽ.

അയ്യോ!! മുറികമ്പു പിടിച്ചുകൊണ്ടു
കളിച്ചിട്ടും നിൻ കളി കണ്ടിടുമ്പോൾ
ചിരിച്ചുപോകുന്നിവനോ പണ്ടത്തിൻ
കണക്കു ക്രൂരം ബഹളത്തിലത്രേ. 2

പക്ഷേ ശിശോ! നീയിവനേയിടയ്ക്കു- *
നോക്കീട്ടു ഞാൻ നിൻ നവമായ കാര്യം
മൌഢ്യക്കളിക്കായ് കളയുന്നുവെന്നു
വിചിന്തനം ചെയ്യുകയായിരിക്കാം. 3

കുഞ്ഞേ! മുറികമ്പുകൾകൊണ്ടുമപ്പോൾ
മണ്ണിൻപൊതിക്കെട്ടുകൾ കൊണ്ടുമീ ഞാൻ
കളിച്ചു മെളിച്ച വിധങ്ങളെല്ലാം
മറന്നുപോയിപ്പൊഴതെന്തുഖേദം. 4

വിലപ്പെരുപ്പം കലരും കളിക്കോ-
പ്പത്രേയിവൻ തേടുവതെന്റെ കുഞ്ഞേ!
പൊൻവെള്ളി തൻ കട്ടകൾ ശേഖരിപ്പാ-
നത്യാശയാണിപ്പൊഴുതുള്ളതെന്നിൽ. 5

കണ്ണിൽവെട്ടം സാധനമേതിനാലും
രചിച്ചിടും നീ കളി വസ്തുജാലം
ഞാനോ ലഭിപ്പാൻ കഴിയാതതിന്നായ്
പോകുന്നു നാളും ബത! ശക്തിയും ഹാ! 6

## യേശു എപ്പോൾ വരും?

(ബാൾട്ടിമോർ പ്രോഫററിക്ക കോൺഫറൻസിൽ വില്യം എൽ. പെററിൻജിൽ എന്ന പ്രവചനപണ്ഡിതൻ ചെയ്ത പ്രസംഗം)

ഇന്നു് ഉച്ചകഴിഞ്ഞുള്ള നമ്മുടെ വേദപാരായണം സഖരിയാ 14-ാം അദ്ധ്യായത്തിൽനിന്നാകട്ടെ. ഒരു പ്രസംഗം എന്നു നിങ്ങൾ ആരും ഇതിനെ വിചാരിക്കരുതു്. നമ്മുടെ കർത്താവായ യേശുക്രിസ്തു തിരിയെ വരുന്നതു് എപ്പോൾ എന്നുള്ള വിഷയം സംബന്ധിച്ചു വേദപുസ്തകത്തിൽ നിന്നു ചില ഭാഗങ്ങൾ ചൂണ്ടിക്കാണിക്ക മാത്രമേ ഞാൻ ചെയ്യുന്നുള്ളു.

ഈ അദ്ധ്യായം തുടക്കം മുതൽ നാം വായിക്കുക:—

* "സഹാസം," എന്നും പാഠം.

"അവർ നിന്റെ നടുവിൽ വെച്ചു നിന്റെ കൊള്ള വിഭാഗിപ്പാനുള്ള യഹോവയുടെ ഒരു ദിവസം വരുന്നു. ഞാൻ സകല ജാതികളേയും യരുശലേമിനോടു യുദ്ധത്തിനായി കൂട്ടിവരുത്തും. നഗരം പിടിക്കപ്പെടുകയും, വീടുകളെ കൊള്ളയിടുകയും, സ്ത്രീകളെ വഷളാക്കുകയും, നഗരത്തിന്റെ പാതി പ്രവാസത്തിലേക്കു പോകയും ചെയ്യും. ജനത്തിൽ ശേഷിപ്പുള്ളവരോ നഗരത്തിൽനിന്നു ഛേദിക്കപ്പെടുകയില്ല. എന്നാൽ യഹോവ പുറപ്പെട്ടു താൻ യുദ്ധദിവസത്തിൽ പൊരുതുംപോലെ ആ ജാതികളോടു പൊരുതും. അന്നാളിൽ അവന്റെ കാൽ യരുശലേമിനു കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും. ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും. ഏറ്റവും വലിയോരു താഴ്‌വര ഉളവായി വരും. മലയുടെ ഒരു പാതി വടക്കോട്ടും മറ്റെ പാതി തെക്കോട്ടും വാങ്ങിപ്പോകും. എന്നാൽ മലകളുടെ താഴ്‌വര ആസൽവരെ എത്തുന്നതുകൊണ്ടു നിങ്ങൾ എന്റെ മലകളുടെ താഴ്‌വരയിലേക്ക് ഓടിപ്പോകും. യഹൂദാരാജാവായ ഉസ്സീയാവിന്റെ കാലത്തു നിങ്ങൾ ഭൂകമ്പം ഹേതുവായി ഓടിപ്പോയതുപോലെ നിങ്ങൾ ഓടിപ്പോകും. എന്റെ ദൈവമായ യഹോവയും അന്നോടുകൂടെ സകല വിശുദ്ധന്മാരും വരും. അന്നാളിൽ വെളിച്ചം ഉണ്ടാകയില്ല. ജ്യോതിസ്സുകൾ മറഞ്ഞുപോകും. യഹോവ മാത്രം അറിയുന്ന ഒരു ദിവസം വരും. അതു പകലല്ല. രാത്രിയുമല്ല. സന്ധ്യാസമയത്തോ വെളിച്ചമാകും. അന്നാളിൽ ജീവനുള്ള വെള്ളം യരുശലേമിൽനിന്നു പുറപ്പെട്ടു പാതി കിഴക്കെ കടലിലേക്കും പാതി പടിഞ്ഞാറെ കടലിലേക്കും ഒഴുകും. അതു ഉഷ്ണകാലത്തും ശീതകാലത്തും ഉണ്ടാകും. യഹോവ സർവ്വഭൂമിക്കും രാജാവാകും. അന്നാളിൽ യഹോവ ഏകനും അവന്റെ നാമം ഏകവും ആയിരിക്കും."

ഈ അദ്ധ്യായത്തിലുള്ള ആദ്യത്തെ ഒമ്പതു വാക്യങ്ങളാണ് വായിച്ചത്.

ഇവിടെ യരുശലേമിന്റെ ഒരു നാശം കാണുന്നു. ഒരു നാശം എന്നല്ലാതെ നാശം എന്നല്ല ഞാൻ പറഞ്ഞതെന്നു ധരിക്കണം. യരുശലേമിനു പല നാശങ്ങൾ പല (ഘട്ടങ്ങളിലായി) ഉണ്ട്. ഈ അദ്ധ്യായത്തിൽ വർണ്ണിച്ചിരിക്കുന്ന യരുശലേംനാശം ക്രിസ്താബ്ദം എഴുപതിൽ ഉണ്ടായ വിപ്ലവം അല്ലെന്നുള്ളതു തെളിവാണ്. കാരണം കർത്താവായ യേശു ഈ പ്രവചനഭാഗത്തു പറയുന്നതുപോലെ അന്നു പ്രത്യക്ഷപ്പെടുകയോ ഒലിവുമല രണ്ടായി പിളർക്കപ്പെട്ടിട്ട് ഒരു വലിയ താഴ്‌വര അതിന്റെ നടുവിൽക്കൂടി ഉണ്ടാകയോ ഒരു പുതിയ നദി ഉല്പത്തിയാകുകയോ ചെയ്തിട്ടില്ല. എന്നുമാത്രമല്ല, പ്രവചനത്തിൽ കണ്ടതുപോലെ യരുശലേമിന്റെ വിനാശഘട്ടം മുതൽ യഹോവ സർവ്വഭൂമിക്കും രാജാവായിത്തീർന്നിട്ടുമില്ല.

ഇനിയും സഖറിയായുടെ പ്രവചനത്തിലെ ഈ പ്രസ്താവനകൾ മനസ്സിൽ വെച്ചുകൊണ്ടു ദയവുചെയ്തു മത്തായി 23-ാം അദ്ധ്യായം നിങ്ങൾ നോക്കുവാൻ ഞാൻ ആവശ്യപ്പെടുന്നു. അവിടെ 37-ാം വാക്യത്തിൽ നിങ്ങൾ കാണുന്നതാവിതു:—

# വിയോജിതൻ

"യെരുശലേമേ, യെരുശലേമേ പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറികയും ചെയ്യുന്നവളേ, കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കുംപോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു. നിങ്ങൾക്കോ മനസ്സായില്ല. നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും. കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ ഇനിയും എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു."

ഈ ഗൌരവമേറിയ വാക്കുകൾ ഉച്ചരിച്ച ഉടൻതന്നെ കർത്താവായ യേശു അവിടെനിന്നു പുറപ്പെട്ടുപോകയും തദനന്തരം അവൻ ക്രൂശിക്കപ്പെട്ടു മരിച്ചടക്കപ്പെടുകയും മൂന്നാം നാൾ ഉയിർത്തെഴുന്നേൽക്കുകയും നാല്പതുനാൾ കഴിഞ്ഞു സ്വർഗ്ഗാരോഹണം ചെയ്യുകയും ചെയ്തു. അതിന്റെശേഷം ഇന്നുവരെയും യെരുശലേം അവനെ കണ്ടിട്ടില്ല. ചിലർ പറയുന്നതുപോലെ എ. ഡി. 70–ൽ അവൻ പ്രത്യക്ഷമായതുമില്ല. എന്നാൽ മത്തായിയുടെ സുവിശേഷത്തിൽനിന്നു നാം ഇപ്പോൾ വായിച്ച വാക്യങ്ങളിൽ കാണുന്ന യെരുശലേംനാശത്തിന്റെ സംഗതി എങ്ങനെ? ഇതിനു മറുപടിയായി 24–ാം അദ്ധ്യായത്തിൽ അവൻ വീണ്ടും സംസാരിക്കുന്നതു കേൾക്കുക.

ഈ അദ്ധ്യായത്തിൽ നാം കടക്കുമ്പോൾ അവിടെ നമ്മുടെ കർത്താവ് എ. ഡി. 70–ൽ നടന്ന യെരുശലേംനാശത്തെക്കുറിച്ചാണ് പറയുന്നതെന്നും അങ്ങനെയുള്ള ഒരു നാശം വേറെ ഉണ്ടായിട്ടില്ല, ഉണ്ടാകാൻ കഴികയുമില്ലാ എന്നും തോന്നിപ്പോകുന്നു. മത്തായി 24–ാം അദ്ധ്യായം സംബന്ധിച്ച വളരെ മലപ്പുകൾ നമുക്കുണ്ടാകുന്നു.

മത്തായി 23: 39 ഞാൻ ഒന്നു വായിക്കട്ടെ:—

"കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ പറയുവോളം നിങ്ങൾ ഇനിയും എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു."

അടുത്തു താഴെ കാണുന്നതു് എന്തെന്നു നോക്കാം. യേശു ദേവാലയം വിട്ടു പോകുമ്പോൾ ശിഷ്യന്മാർ അവനു ദേവാലയത്തിന്റെ പണി കാണിക്കേണ്ടതിന് അവന്റെ അടുക്കൽ വന്നു.

"അവൻ അവരോടു് ഇതെല്ലാം കാണുന്നില്ലയോ? ഇടിഞ്ഞുപോകാതെ കല്ലിന്മേൽ കല്ല് ഇവിടെ ശേഷിക്കയില്ല എന്നു സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു."

മനസ്സിൽ എന്തിനെക്കരുതിയാണ് അവൻ ഇങ്ങനെ പറഞ്ഞതു്? 'കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെട്ടവൻ' എന്ന് ആർത്തുവിളിച്ചുകൊണ്ടു യെരുശലേംപൌരന്മാർ അവനെ എതിരേൽക്കുന്ന സന്ദർഭത്തെ ഉദ്ദേശിച്ചുകൊണ്ടെന്നത്രേ ഇതിനു മറുപടി. ഇങ്ങനെ കർത്താവിനെ സ്വാഗതം ചൊല്ലി

സ്വീകരിക്കുന്ന ഫലത്തോട് സംബന്ധിച്ച് ഒരു യരുശലേം നാശം നടക്കേണ്ടതാണ്. ഇതുവരെ അതു നടന്നിട്ടില്ല. സഖറിയാ 14-ലെ പ്രസ്താവനയും അതു സംബന്ധിച്ചത്രേ. ആ വിനാശത്തോട് അടുത്ത് അവൻ വരികയും അവന്റെ പാദങ്ങൾ ഒലിവുമലമേൽ നിൽക്കയും പാദങ്ങൾക്കു കീഴിൽ വച്ചു രണ്ടായി പിളർന്നുപോകയും ചെയ്യും.

"അവൻ ഒലിവുമലയിൽ ഇരിക്കുമ്പോൾ ശിഷ്യന്മാർ തനിച്ച് അവന്റെ അടുക്കൽ വന്ന്, അത് എപ്പോൾ സംഭവിക്കുമെന്നും, നിന്റെ വരവിനും ലോകാവസാനത്തിനും അടയാളം എന്ത് എന്നും പറഞ്ഞുതരേണമെന്നും അവനോട് അപേക്ഷിച്ചു."

ഈ കാര്യങ്ങൾ എപ്പോൾ സംഭവിക്കും എന്നാണല്ലോ ചോദ്യം. ഏതു കാര്യങ്ങൾ? അവൻ അടുത്തു മുൻപു സംസാരിച്ചുകൊണ്ടിരുന്ന കാര്യങ്ങൾ. എന്തിനെക്കുറിച്ചാണ് അവൻ സംസാരിച്ചുകൊണ്ടിരുന്നത്? യരുശലേംനാശത്തെക്കുറിച്ചും നഗരവാസികൾ അവനെ സ്വാഗതപുരസ്സരം കൈക്കൊള്ളുന്നതിനെ സംബന്ധിച്ചും. എപ്പോൾ ആണ് ഇവ സംഭവിക്കുന്നത്? പ്രസ്തുത വിനാശവും വരവും അടുത്തു നടക്കുന്ന അവസരത്തിൽ. ഇവയാണ് ഏതത്സംബന്ധമായ ചില പ്രശ്നോത്തരങ്ങൾ.

നിന്റെ വരവിനും യുഗാവസാനത്തിനും അടയാളം എന്ത്? എന്നു രണ്ടാം ചോദ്യം. ഇവിടെ പറയുന്ന യുഗം ഏത്? സഭായുഗം ആണോ? അല്ല. സഭായുഗത്തെക്കുറിച്ച് ഒന്നും ഇവിടെ പറഞ്ഞിട്ടില്ല. കാരണം സഭ അന്നു സ്ഥാപിതമായിരുന്നില്ല.

അങ്ങനെയെങ്കിൽ ഏതു യുഗം? അവർ ജീവിച്ചിരുന്നതും സംഭാഷണം ചെയ്തുകൊണ്ടിരുന്നതുമായ ആ യഹൂദയുഗം. ഇതുവരെ ആ യുഗം അവസാനിച്ചിട്ടില്ലയോ? ഇല്ല. ആ യുഗം അവസാനിച്ചിട്ടില്ല. അത് ഇടയ്ക്കു തടയപ്പെട്ടിരിക്കുന്നു എന്നു മാത്രമേയുള്ളൂ.

ശിഷ്യന്മാരുടെ ചോദ്യത്തിൽ സൂചിതമായിരിക്കുന്ന യുഗത്തെക്കുറിച്ച് അറിവു ലഭിക്കണമെങ്കിൽ ദാനിയേൽ ഒൻപതാം അദ്ധ്യായത്തിലേക്കു കടക്കണം. അവിടെ ചെന്ന ശേഷം തിരികെ മത്തായി 24-ാം അദ്ധ്യായത്തിലേക്കു പോരാം. ദാനിയേൽ ഒൻപതാം അദ്ധ്യായത്തിൽ ഒരു ക്ഷണനേരം നില്പാൻ നിങ്ങൾക്കു ക്ഷമയുണ്ടാകുമെങ്കിൽ ഈ തർക്കത്തിനു പരിഹാരം ഉടനടി ഉണ്ടാകുന്നതായി നിങ്ങൾ കാണും.

ദാനിയേൽ 9-ാം അദ്ധ്യായം 24-ാം വാക്യം മുതൽ വായിക്കാം.

"അതിക്രമത്തെ തടസ്സം ചെയ്തു പാപങ്ങളെ മുദ്രയിടുവാനും അകൃത്യത്തിനു പ്രായശ്ചിത്തം ചെയ്തു നിത്യനീതി വരുത്തുവാനും ദർശനവും പ്രവചന

വും മുദ്രയിടുവാനും, അതിപരിശുദ്ധമായതിനെ അഭിഷേകം ചെയ്യുവാനും നിന്റെ ജനത്തിനും വിശുദ്ധനഗരത്തിനും എഴുപതു ആഴ്ചവട്ടം നിയമിച്ചിരിക്കുന്നു. അതുകൊണ്ടു നീ അറിഞ്ഞു ഗ്രഹിച്ചുകൊള്ളേണ്ടതെന്തെന്നാൽ യരുശലേമിനെ യഥാസ്ഥാനപ്പെടുത്തി പണിവാൻ കല്പന പുറപ്പെട്ടതു മുതൽ അഭിഷിക്തനായ ഒരു പ്രഭുവരെ ഏഴ് ആഴ്ചവട്ടം. അറുപത്തിരണ്ട് ആഴ്ചവട്ടംകൊണ്ടു അതിനെ വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ തന്നെ വീണ്ടും പണിയും. അറുപത്തിരണ്ട് ആഴ്ചവട്ടം കഴിഞ്ഞിട്ട് അഭിഷിക്തൻ ഛേദിക്കപ്പെടും. അവന് ആരും ഇല്ലെന്നു വരും. പിന്നെ വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നഗരത്തെയും വിശുദ്ധമന്ദിരത്തെയും നശിപ്പിക്കും. അവന്റെ അവസാനം ഒരു പ്രളയത്തോടെ ആയിരിക്കും. അവസാനത്തോളം യുദ്ധമുണ്ടാകും. ശൂന്യങ്ങളും നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. അവൻ ഒരു ആഴ്ചവട്ടത്തേക്ക് പലരോടും നിയമത്തെ കഠിനമാക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിർത്തലാക്കിക്കളയും. മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും. നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും.”

ഈ സൂക്തങ്ങളിൽ ആഴ്ചവട്ടം എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത് Hebdomads എന്ന പദത്തെയാണ്. ഇതിന് ഏഴുകൾ എന്നു നേരെ അർത്ഥം. ഇതിന് ഇംഗ്ലീഷിൽ Heptade എന്നു പറയുന്നു. ഏഴുകൾ എന്നു കാണുന്നതു് ഏഴു ദിവസങ്ങളോ, ഏഴു മാസങ്ങളോ, ഏഴു വർഷങ്ങളോ എന്നു തീരുമാനിക്കുന്നതു വാക്യങ്ങളുടെ പൊരുത്തമനുസരിച്ചു വേണം. അങ്ങനെ ചെയ്താൽ എഴുപതു ഏഴുകൾ നാനൂറ്റിത്തൊണ്ണൂറു വർഷങ്ങൾ എന്നു തന്നെ വ്യക്തപ്പെടും. യഹൂദന്മാർ ശാബതുവർഷങ്ങൾ തന്റെ പരിചയകോടിയിൽ പെട്ടിരുന്നതുകൊണ്ടു പ്രവചനത്തിൽ ഇങ്ങനെ പ്രയോഗിച്ചാൽ മതി.

പ്രസ്തുതകാലയളവിന്റെ ആദ്യഭാഗമായ ഏഴ് ഏഴുകൾ എസ്രായും നെഹെമ്യായും നഗരത്തെ യഥാസ്ഥാനപ്പെടുത്തി പണിയിക്കുന്നതിനുവേണ്ടി വിനിയോഗിച്ച നാല്പത്തൊൻപതു വർഷങ്ങളാണ്. ഇതിനെത്തുടർന്ന് 62 ഏഴുകൾ അഥവാ നാനൂറ്റിഎൺപത്തിമൂന്നു വർഷങ്ങൾ വരണം. ഈ അവധി ഓശാനനാളിൽ നടന്ന കർത്താവിന്റെ രാജകീയനഗരപ്രവേശത്തോടുകൂടി അവസാനിച്ചു. ഈ വർഷക്കണക്കുകൾ പ്രവചനരീത്യാനുസരണം 360 ദിവസം ചേർന്നുള്ള വർഷങ്ങളാണെന്നു മനസ്സിലാക്കണം.

നാം ഇവിടെ കാണുന്നപ്രകാരം എഴുപതു ഏഴുകൾ അഥവാ 149 വർഷങ്ങൾ മൂന്നു ഭാഗങ്ങളായി പകുക്കപ്പെട്ടിരിക്കുന്നു. അവയിൽ ആദ്യത്തേതു് 7 ഏഴുകൾ, അതായതു 49 വർഷങ്ങൾ. അതിനിടയ്ക്കു വീഥിയും കിടങ്ങുമായി കഷ്ടകാലങ്ങളിൽ നഗരം പണിയിക്കപ്പെട്ടു. രണ്ടാമതു് 62 ഏഴുകൾ, അതായതു 434 വർഷങ്ങൾ. ഇതു നഗരത്തിന്റെ പണിക്കും മശിഹായാകുന്ന പ്രഭുവി

ന്റെ ഛേദനത്തിനും ഇടയ്ക്കുള്ള കാലമാണ്. മൂന്നാമത്തു് ഒരു് ഏഴു വർഷങ്ങൾ. അതു് ഇനിയും വരേണ്ടതാണ്.

എന്നാൽ 69-ാമത്തെ ആഴ്ചവട്ടത്തിനും എഴുപതാമത്തെ ആഴ്ചവട്ടത്തിനും മദ്ധ്യേ ഒരിടയുണ്ടു്. 69 ആഴ്ചവട്ടങ്ങളുടെ ശേഷമായും ഒടുവിലത്തെ ആഴ്ചവട്ടം ആരംഭിക്കുന്നതിനു മുൻപായും അനേകസംഭവങ്ങൾ നടപ്പാനുണ്ടു്. 26-ാം വാക്യത്തിൽ പറയുന്നതുപോലെ ക്രിസ്തുവിന്റെ നഗരപ്രവേശനന്തരം നഗരവാതിലിനു പുറത്തു മശിഹാ ഛേദിക്കപ്പെട്ടു. അവൻ വിശുദ്ധനും നിർദ്ദോഷിയും നിഷ്കളങ്കനും ആയിരുന്നതുകൊണ്ടു തനിക്കു വേണ്ടിയല്ല എന്നുള്ള പ്രവചനഭാഗവും സഫലമായി. ഇസ്രായേലിന്റെയും സർവ്വലോകത്തിന്റെയും പാപങ്ങൾക്കുവേണ്ടി തന്റെ ജീവനെ അവൻ വെച്ചുകളഞ്ഞതിനാൽ അവനു് ഒന്നും അഥവാ ആരും ഇല്ലെന്നു വന്നു. ഇതു് എഴുപതാം ആഴ്ചവട്ടത്തിലോ അറുപത്തൊൻപതാം ആഴ്ചവട്ടത്തിലോ അല്ല നടന്നതു്. രണ്ടിനും ഇടയ്ക്കത്രെ.

അടുത്തു യരുശലേം നാശത്തെക്കുറിച്ചു പ്രവചിച്ചിരിക്കുന്നതായി കാണുന്നു നഗരവും വിശുദ്ധസ്ഥലവും വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം നശിപ്പിക്കും. ഈ വരുവാനിരിക്കുന്ന പ്രഭു വെളിപ്പാടു 13-ൽ 1-8 വരെയുള്ള വാക്യങ്ങളിൽ കാണുന്ന മൃഗമത്രേ. പുറജാതിവാഴ്ചയുടെ ഒടുവിലത്തെ അധിപതിയും സ്വേച്ഛാനുവർത്തിയും ദൈവദൂഷകനും ഉഗ്രമുഖനുമായ രാജാവു് ഇവൻ തന്നെ. ഗബ്രിയേൽ ഇവിടെ പറയുന്നതു്, വരുവാനിരിക്കുന്ന പ്രഭു യരുശലേം നശിപ്പിക്കുമെന്നല്ല, വരുവാനിരിക്കുന്ന പ്രഭുവിന്റെ പടജ്ജനം അതിനെ നശിപ്പിക്കുമെന്നത്രെ. ക്രിസ്ത്വാബ്ദം 70-ൽ യരുശലേം നശിപ്പിച്ച തീത്തൂസ് "വരുവാനുള്ള പ്രഭു" ആയിരുന്നില്ല. പിന്നെയോ വരുവാനുള്ള പ്രഭു ഒരു റോമൻപ്രഭു ആയിരിക്കും. കാരണം അവന്റെ പടജ്ജനം റോമരായിരുന്നു.

ക്രിസ്ത്വാബ്ദം 70-ൽ യരുശലേം നശിപ്പിക്കപ്പെട്ടു എന്നുള്ളതു വാസ്തവം തന്നെ. ഇതു് എഴുപതാം ആഴ്ചവട്ടം ആരംഭിക്കുന്നതിനു മുൻപു നടക്കേണ്ടിയുമിരുന്നു. 26-ാം വാക്യത്തിന്റെ ശേഷഭാഗം പലവിധ തർജ്ജമകളാൽ മറഞ്ഞുകിടക്കുന്നു. അതിന്റെ അവസാനമെന്നോ അവന്റെ അവസാനമെന്നോ ഏതു വിധത്തിലാണ് തർജ്ജമ ചെയ്യേണ്ടതു് എന്നു തീർച്ച പറവാൻ പ്രയാസം. രണ്ടുവിധത്തിലായാലും നഗരത്തിന്റെയും വിശുദ്ധസ്ഥലത്തിന്റെയും നാശം നിർണ്ണയിക്കപ്പെട്ടിരിക്കുന്നു എന്നും രണ്ടും അവസാനംവരെയും ഉണ്ടായിരിക്കുമെന്നും തെളിവാകുന്നു. കാരണം ഈ കാലയളവിൽ മഹാപീഡനം കൂടി ഉൾപ്പെട്ടിരിക്കയും മൃഗത്തെ നശിപ്പിക്കുന്നതിനായി കർത്താവായ യേശു മഹിമയോടുകൂടി തിരികെ വരുന്ന ഘട്ടംവരെ ഇതു് എത്തുകയും ചെയ്യുന്നു.

എന്നാൽ ഇപ്പോഴത്തെ സഭായുഗത്തിന്റെ കഥ എന്ത്? ഈ നൂററാണ്ടുകൾ എങ്ങനെയാണ് കഴിഞ്ഞുകൂടേണ്ടത്? മറുപടി: ഈ വ്യവസ്ഥാകാലം ദൈവത്തിൽ മറഞ്ഞിരുന്ന മർമ്മമത്രേ. പഴയകാലങ്ങളിലെ പിതാക്കന്മാർക്ക് ഇതു വെളിപ്പെട്ടിരുന്നില്ല. 69-ാമതും 70-ാമതും ആയ ആഴ്ചവട്ടങ്ങൾക്കിടയിൽ ഈ കാലയളവു വരുന്നു. പ്രവചനകണക്കിൽ ഈ കാലയളവു പെട്ടിട്ടില്ല. കാരണം, ഇതു യഹൂദന്മാർ ത്യജിക്കപ്പെട്ടിരിക്കുന്ന കാലമാകയാൽ ഈ ത്യക്തകാലം കണക്കിൽപ്പെടുകയില്ല. ഇസ്രായേലിന്റെ ചരിത്രത്തിലെ പല ഘട്ടംകൊണ്ടും നാം ഇതറിയുന്നു.

70-ാമത്തെ ആഴ്ചവട്ടം ആരംഭിക്കുന്നതു സഭയുടെ എടുത്തുകൊള്ളപ്പെടുതലിന്റെ അനന്തരമാണ്. ഈ എടുത്തുകൊള്ളപ്പെടുതിൽ അഥവാ ഉൽഗമനം 1 തെസ്സലോനി 4-ൽ കാണിച്ചിട്ടുണ്ട്. സഭക്കുണ്ടാകുന്ന ഈ സ്ഥലമാററം ദാനിയേൽപ്രവചനത്തിൽ കാണിച്ചിട്ടില്ല. കാരണം സഭ അന്നു വെളിപ്പെടാത്ത ഒരു വിഷയമത്രേ. 27-ാംവാക്യത്തിൽ അന്ത്യആഴ്ചവട്ടം നാം കാണുന്നു. വരുവാനിരിക്കുന്ന പ്രഭു ഒരു ആഴ്ചവട്ടത്തേക്കു പലരോടും ഉഭയസമ്മതം സ്ഥിരമാക്കുമെന്നു ദൂതൻ പറയുന്നു. പലർ എന്ന് ഇവിടെ കാണുന്നതു യഹൂദന്മാരുടെ ഭൂരിപക്ഷമത്രേ. ഇവർ അന്നു യരുശലേമിൽ കുടിയേറിയിരിക്കും. ഏഴു വർഷത്തേക്കു മൃഗം അഥവാ അന്തിക്രിസ്തു ഇവരോട് ഉടമ്പടി ചെയ്യും. ആ ഉടമ്പടിയിൽ യഹൂദന്മാരിൽ ഭൂരിപക്ഷം ഉൾപ്പെട്ടിരിക്കും. ആഴ്ചവട്ടത്തിന്റെ മദ്ധ്യേ അവൻ ഹനനയാഗവും ഭോജനയാഗവും നിറുത്തലാക്കിക്കളയും. അർത്ഥാൽ, മൂന്നര ആണ്ടു കഴിയുമ്പോൾ അവൻ ഉടമ്പടി ലംഘിച്ചു യരുശലേംദേവാലയത്തിൽ നടക്കുന്ന ദൈവാരാധനയെ തടയും. അവിടെ ദേവാലയം ഇല്ലല്ലോ എന്ന് ആർക്കെങ്കിലും സംശയമുണ്ടെങ്കിൽ മുൻപു ദേവാലയം നിന്നിരുന്ന സ്ഥാനത്ത് ഇപ്പോൾ നിൽക്കുന്ന ഓമറിന്റെ പള്ളിയെത്തന്നെ ദേവാലയമാക്കി മാററുവാൻ സാധിക്കും. അന്നു നഗരം യഹൂദന്മാരുടെ വശം ഇരിക്കയാൽ ഇതിന് എളുപ്പവുമുണ്ട്. എന്തുതന്നേയായിരുന്നാലും ഇവിടെ പറയുന്ന ആലയം സഹസ്രാബ്ദകാലത്തെ ദേവാലയമായിരിക്കയില്ലെന്നു തീർച്ചതന്നെ. കാരണം ഈ രണ്ടു ദേവാലയങ്ങൾ തമ്മിൽ പലവിധ വ്യത്യാസങ്ങൾ ഉണ്ട്.

വിഗ്രഹാരാധനയെക്കുറിച്ചു പ്രവചനത്തിൽ കാണുന്ന ഭാഗം ചിന്ത്യമാണ്. മ്ലേച്ഛതകളുടെ ചിറകിന്മേൽ ശൂന്യമാക്കുന്നവൻ വരും. നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കുന്നവന്റെ മേൽ കോപം ചൊരിയും. ശൂന്യമാക്കുന്ന മ്ലേച്ഛത എന്നു പ്രവചിച്ചിരിക്കുന്നതു വിഗ്രഹത്തെ ഉന്നിയാണ്. അതു ശുദ്ധസ്ഥലത്തു നിൽക്കുമെന്നാണല്ലോ കർത്താവും പറഞ്ഞിരിക്കുന്നത്.

ഉഭയസമ്മതത്തിൻവെട്ടിക്കു പകരം തൻെറ മ്ലേച്ഛമായ പ്രതിമയെ ശുദ്ധതയുടെ ശുദ്ധസ്ഥലത്തു മൃഗം സ്ഥാപിക്കുന്നു (വെളിപ്പാടു 13 നോക്കുക.) മഹത്വമുള്ള കെരൂബുകളുടെ ചിറകിനു പകരം മ്ലേച്ഛതകളുടെ ചിറകത്രേ അവിടെ നിഴലിക്കുന്നതു്. (വിഗ്രഹത്തെ ആണല്ലോ മ്ലേച്ഛത എന്ന പദം കുറിക്കുന്നതു്.) ഇതിൻെറ പിന്നാലെ മഹോപദ്രവത്തിൻെറ അഥവാ മഹാപീഡനത്തിൻെറ ഭയങ്കരകാഴ്ചകൾ വരുന്നു. നിർണ്ണയിക്കപ്പെട്ടിരിക്കുന്ന സമാപ്തിയോളം ശൂന്യമാക്കപ്പെട്ട ജനത്തിന്മേലും നഗരത്തിന്മേലും കോപം ചൊരിഞ്ഞുകൊണ്ടു ഭയങ്കരനും ക്രൂരനുമായ രാജാവു് എഴുന്നേല്ക്കും. ഇതു യാക്കോബിൻെറ ഞെരുക്കകാലം അഥവാ യഹോവയുടെ കോപത്തിൻെറ വലിയ നാൾ അത്രേ. എങ്കിലും അതു് അതിരുകടന്നു വരികയില്ല. അതിൻെറ സമാപ്തി നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. സകല ലോകവും അത്ഭുതപ്പെടത്തക്കവണ്ണം സാത്താൻെറ വ്യാപാരശക്തിയോടും അധികാരത്തോടും ഭരിക്കുന്ന ഈ രാജാവു കൈകൾ കൂടാതെതന്നെ ഉച്ഛേദിക്കപ്പെടും. ഉടമ്പടി ലംഘിച്ചുകഴിഞ്ഞാൽ പിന്നെ മൂന്നര വർഷങ്ങൾ അഥവാ 42 മാസങ്ങൾ അത്രേ അവനു നല്കപ്പെട്ടിരിക്കുന്നതു്. അനന്തരം അവസാനം വരും.

ഇവിടെ സ്വല്പം ഒന്നു നിറുത്തിട്ടു മത്താ: 24ാം അദ്ധ്യായത്തിലേക്കു നിങ്ങളോടുകൂടി തിരിച്ചുപോരാമെന്നു ഞാൻ ചെയ്തിട്ടുള്ള വാഗ്ദത്തം ഒന്നോർമ്മിച്ചുകൊള്ളട്ടെ. മത്താ: 24-ാം അദ്ധ്യായത്തോടു ചേർത്തു ദാനി: 9-ാം അദ്ധ്യായം ഞാൻ വായിച്ചതു മത്താ: 24-ാം അദ്ധ്യായത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഒടുവിലത്തെ ആഴ്ചവട്ടത്തിൽ നടക്കുന്നവയാണെന്നും ആ സംഭവങ്ങളോടുകൂടി യഹൂദയുഗം അവസാനിക്കുന്നതാണെന്നും നിങ്ങളെ ധരിപ്പിക്കാൻവേണ്ടിയായിരുന്നു. അതുകൊണ്ടു മത്താ: 24-ാം അദ്ധ്യായത്തിൽ കാണുന്ന കാര്യം യഹൂദയുഗത്തിൻെറ അവസാനത്തിൽ ഉണ്ടാകുന്ന യരുശലേമിൻെറ വിനാശമാണെന്നു ഗ്രഹിക്കേണ്ടതാണ്.

യഹൂദയുഗം എപ്പോൾ അവസാനിക്കും? ഈ കാര്യങ്ങൾ സംഭവിക്കുന്നതു് എപ്പോൾ? ഏതു കാര്യങ്ങൾ? എന്ന ചോദ്യത്തിനു യരുശലേമിൻെറ വിനാശവും കർത്താവിൻെറ വരവിൽ യരുശലേംനഗരക്കാർ സ്വാഗതം പറഞ്ഞു് അവനെ കൈക്കൊള്ളുന്നതും എന്നു മറുപടി. അതു് എപ്പോൾ ഉണ്ടാകും? നിൻെറ വരവിൻെറയും യുഗാവസാനത്തിൻെറയും അടയാളം എന്തു്?

വേദപാരായണപരായണന്മാരേ! മത്താ: 24-നെക്കുറിച്ചു് ഒരു സൂചന ഞാൻ നിങ്ങൾക്കു തന്നുകൊള്ളട്ടെ. ഈ അദ്ധ്യായത്തിൽ അവസാനം എന്നൊരു ചെറിയ വാക്കു കൂടക്കൂടെ വരുന്നുണ്ടല്ലോ. നിങ്ങൾ ഒരു പെൻസിൽ എടുത്തു് ആ വാക്കുകൾക്കു വര കൊടുത്തു് അവയെ അന്യോന്യം ഇണയ്ക്കുവിൻ. ഒരേസമ അവ

ത്തെ ആണ് അവയെല്ലാം കാണിക്കുന്നത്. ദൃഷ്ടാന്തമായി "അവസാനത്തോളം സഹിച്ചുനിൽക്കുന്നവർ രക്ഷിക്കപ്പെടും" എന്ന വാക്യത്തിൽ കാണുന്ന അവസാനം ഏത്? ആരെക്കുറിച്ചാണ് ഈ വിധം പറഞ്ഞിരിക്കുന്നത്? മറുപടി: അവസാനകാലത്തെ യഹൂദന്മാരുടെ ശേഷിപ്പിനെക്കുറിച്ചു പറയുന്നൊരു വാക്യമാണിത്. എങ്കിലും ഇക്കാലത്തെ ദൈവമക്കളെ പേടിപ്പിക്കുവാൻ ഈ വാക്യം പലരും വ്യത്യസ്താർത്ഥത്തിൽ എടുത്തു പ്രയോഗിക്കുന്നുണ്ട്.

ഇനിയും വേറൊരു വാക്യം: "രാജ്യത്തിന്റെ ഈ സുവിശേഷം സകല ജാതികൾക്കും സാക്ഷ്യമായി ഭൂലോകത്തിൽ ഒക്കെയും പ്രസംഗിക്കപ്പെടും. അപ്പോൾ അവസാനം വരും."

ഏത് അവസാനമാണ് ഇവിടെ പറഞ്ഞിരിക്കുന്നത്? സഭായുഗത്തിന്റെ അവസാനമാണോ? അല്ല. സഭയുടെ പ്രസംഗമേ ഇവിടെ ഇല്ല. പ്രസ്തുത അവസാനം യഹൂദയുഗത്തിൻ അവസാനമാണ്. ആ ഒരു ആഴ്ചവട്ടം കൂടി വന്നെങ്കിൽ മാത്രമേ യഹൂദയുഗം അവസാനിക്കയുള്ളു. കാരണം, എഴുപത് ആഴ്ചവട്ടങ്ങളാണ് യഹൂദന്മാർക്ക് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. ഒടുവിലത്തെ ആ ഏഴു വർഷങ്ങളിൽ സുവിശേഷം സകലജാതികൾക്കും പ്രസംഗിക്കപ്പെടണം. എന്നാൽ ആ സുവിശേഷം നമ്മുടെ ഈ സുവിശേഷമല്ല. അതു രാജ്യത്തിന്റെ സുവിശേഷമത്രേ. വാക്യത്തിലും അങ്ങനെയാണല്ലോ പറഞ്ഞിരിക്കുന്നത്. അതു പ്രസംഗിക്കപ്പെട്ടനന്തരം അവസാനം വരും. പ്രസ്തുതവാക്യങ്ങളിൽ കാണുന്ന അവസാനം, സുവിശേഷം എന്നീ പദങ്ങളെ സഭോൽഗമനത്തിനു മുമ്പുള്ള കാലത്തേക്ക് എടുക്കുന്നതു പിശകാണ്.

കർത്താവു തന്റെ ജനങ്ങളെ എടുപ്പാനായി വരുന്നതിനു മുമ്പു യാതൊരു സംഭവവും ഈ യുഗത്തിൽ നടപ്പാനുള്ളതായി തിരുവചനത്തിൽ പറഞ്ഞിട്ടില്ല. ലോകത്തിൽ ഒക്കെ സുവിശേഷം പ്രസംഗിക്കപ്പെടണമെന്നുള്ളതു പോലും ഇടയ്ക്കു നിവർത്തിച്ചുതീരണമെന്നുള്ള ഒരു വിഷയമല്ല. ശ്രോതാക്കളേ! നിങ്ങൾ എന്നെ തെറ്റിദ്ധരിക്കരുത്. നമ്മാൽ കഴിയുന്നിടത്തോളം നാം സുവിശേഷം പ്രസംഗിക്കണമെന്നുള്ളതു നിർബന്ധം തന്നെ. എന്നാൽ കർത്താവു തന്റെ ജനങ്ങളെ ചേർത്തുകൊൾവാനായി വരുന്നതിനു മുൻപു ലോകമൊക്കെ സുവിശേഷവേല നടന്നിരിക്കുമെന്നൊരു വാഗ്ദാനമാകട്ടെ നടന്നിരിക്കണമെന്നൊരു കല്പനയാകട്ടെയില്ല. എന്നാൽ സഭയെ എടുത്തുകൊണ്ട ശേഷവും യഹൂദയുഗം അവസാനിക്കുന്നതിനു അടുത്തു മുമ്പെയും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിക്കപ്പെടും. സ്വർഗ്ഗരാജ്യം സമീപമായിരിക്കുന്നു എന്നുള്ള വാക്കുകളോടു കൂടി രാജാവിന്റെ എഴുന്നള്ളത്തിനെക്കുറിച്ചുള്ള ദിവ്യവിളംബരം ലോകമൊക്കെ വിജ്ഞാപനം ചെയ്യപ്പെടും. സകലജാതി

കൾക്കും സാക്ഷ്യമായിട്ടത്രെ ഇതു പ്രസംഗിക്കപ്പെടുന്നതു് എന്നും സ
പൂവത്സരാവസാനത്തിനു മുമ്പായി ഈ പ്രസംഗം തീർന്നിരിക്കണ
മെന്നും ഉള്ളതു വിശിഷ്യ സ്മരണീയമാണ്. ലൂക്ക് 22: 24-ൽ എ
ഴുതിയിരിക്കുന്നതാവിതു്:—"ജാതികളുടെ കാലം തികയുവോളം
ജാതികൾ യരുശലേം ചവിട്ടികളയും."

ക്രിസ്തുന്റെ രാജകീയാഗമനത്തിനു മുമ്പായി നിവർത്തിക്കേണ്ട
പല പ്രവചനങ്ങൾ ഉണ്ട്. എത്രയും ശരിയായിപ്പറഞ്ഞാൽ ഈ
ആഗമനത്തെയാണ് ക്രിസ്തുവിന്റെ പുനരാഗമനം എന്നു സർവ്വസാ
ധാരണമായി പറഞ്ഞുവരുന്നതു്.

പ്രവൃത്തികളുടെ പുസ്തകം 2-ാം അദ്ധ്യായത്തിൽ സഭയുടെ
രൂപവൽക്കരണവും 9-ാം അദ്ധ്യായത്തിൽ ജാതികൾ മാനസാന്തര
പ്പെട്ടു സഭയുടെ അംഗസ്ഥാനം സ്വീകരിക്കുന്നതും നാം കാണുന്നു.
പൌലൂസ് തെസ്സലോന്യരുടെ ഒന്നാം ലേഖനത്തിൽ കർത്താവി
ന്റെ പുനരാഗമനത്തിന് അഥവാ ഭൂമിയിലേക്കുള്ള വരവിനു
മുമ്പായി വല്യതും വിസ്മയകരവുമായ ഒരു സംഗതി സംഭവിപ്പാനു
ണ്ടെന്നു പറയുന്നു. അതു സഭയുടെ എടുത്തുകൊള്ളപ്പെടുതൽ അഥ
വാ ഉൽഗമനം അത്രേ. ഇതു ശബ്ദരഹിതമായ ഒരു സംഭവവും
സമയനിശ്ചയമില്ലാത്തതുമാകുന്നു. പ്രസ്തുതലേഖനം ഒന്നാം അദ്ധ്യാ
യം 9-ം 10-ം വാക്യങ്ങളിൽ ജീവനുള്ള സത്യദൈവത്തെ സേ
വിപ്പാനും അവൻ മരിച്ചവരുടെയിടയിൽ നിന്ന് ഉയർപ്പിച്ച ത
ന്റെ പുത്രനും വരുവാനുള്ള കോപത്തിൽ നിന്നു നമ്മെ വിടുവി
ക്കുന്നവനുമായ യേശു സ്വർഗ്ഗത്തിൽ നിന്നു വരുന്നതു കാത്തിരി
പ്പാനും സഭ നിയമിക്കപ്പെട്ടിരിക്കുന്നതായി പൌലൂസ് പറയുന്നു.
4-ാം അദ്ധ്യായം 13 മുതലുള്ള വാക്യങ്ങളിൽ ക്രിസ്തുവിന്റെ പ്രേ
മഭാജനമായ ആ ശിഷ്യൻ പരമാനന്ദപരവശനായി സഭയുടെ ഉ
ൽഗമനചിത്രത്തെ വസ്തുവിശേഷങ്ങളോടു കൂടി വരച്ചുകാണി
ക്കുന്നു.

"സഹോദരന്മാരേ! നിങ്ങൾ പ്രത്യാശയില്ലാത്ത മററുള്ളവരെപ്പോലെ ദുഃ
ഖിക്കാതിരിക്കേണ്ടതിനു നിദ്രകൊള്ളുന്നവരെക്കുറിച്ചു അറിവില്ലാതിരിക്കരുതു്
എന്നു ഞങ്ങൾ ആഗ്രഹിക്കുന്നു. യേശു മരിക്കയും ജീവിച്ചെഴുന്നേൽക്കയും ചെ
യ്തു എന്നു നാം വിശ്വസിക്കയും ചെയ്തു എങ്കിൽ അങ്ങനെതന്നെ ദൈവം നി
ദ്രകൊണ്ടവരെയും യേശു മുഖാന്തരം അവനോടുകൂടെ വരുത്തും. കർത്താവി
ന്റെ പ്രത്യക്ഷത വരെ ജീവനോടെ ശേഷിക്കുന്നവരായ നാം നിദ്രകൊണ്ടവ
ർക്കു മുമ്പു് ആകയില്ല എന്നു ഞങ്ങൾ കർത്താവിന്റെ വചനങ്ങളാൽ നിങ്ങ
ളോടു പറയുന്നു. കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദ
ത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിവ
രികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പേ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പി
ന്നെ ജീവനോടു ശേഷിക്കുന്ന നാം അവരോടൊരുമിച്ചു് ആകാശത്തിൽ ക
ർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എ
പ്പോഴും കർത്താവിനോടുകൂടെയിരിക്കും. ഈ വചനങ്ങളെക്കൊണ്ടു് അന്യോ
ന്യം ആശ്വസിപ്പിച്ചുകൊൾവിൻ."

ഏറ്റവും അടുത്തു പെട്ടെന്നു നടക്കാവുന്ന ഒരു സംഭവമാണിതു്. ഇപ്പോൾ പൊടുന്നനവേ സംഭവിക്കാവുന്ന സകലസംഭവങ്ങളിലും വെച്ച് ഇതു മഹത്തായ ഒരു സംഭവമാണ്. അതിനു മുമ്പേ യാതൊന്നും നിവൃത്തിയിലേക്കു വരേണ്ടതായിട്ടില്ല.

സൂക്ഷ്മമായി പറഞ്ഞാൽ സഭയുടെ ഉൽഗമനം കർത്താവിന്റെ പുനരാഗമനമല്ല. അതിനെ രണ്ടാംവരവിന്റെ ഒരു പ്രദർശനമാക്കിപ്പറയുന്നതു പിശകത്രേ. സഭോൽഗമനം ഒരു പുതിയ സംഗതി, അതേ പുതിയ സംഗതി തന്നെ. അതിൽ കർത്താവു നഭോവീഥിയിലല്ലാതെ ഭൂമിയിലേക്കു വരുന്നില്ല. രണ്ടാം വരവിലോ അവന്റെ പാദങ്ങൾ ഒലിവുമലമേൽ നിൽക്കും. ഒന്നാമതായി അവൻ അന്തരീക്ഷത്തിൽ ഇറങ്ങി തന്നെ എതിരേൽക്കുന്നതിനായി തന്റെ ജനങ്ങളെ വിതാനത്തിലേക്കു പിടിച്ചുകൊൾകയത്രേ ചെയ്യുന്നതു്.

“ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം. നാം എല്ലാവരും നിദ്രകൊള്ളുകയില്ല. എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമെക്കുന്നതിനിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർക്കയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളതു് അദ്രവത്വത്തെയും ഈ മർത്യമായതു് അമർത്യത്വത്തെയും ധരിക്കേണം. ഈ ദ്രവത്വമുള്ളതു് അദ്രവത്വത്തെയും ഈ മർത്യമായതു് അമർത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നെഴുതിയ വചനം നിവൃത്തിയാകും.”

“കാൺമിൻ! നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്ക് എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെ തന്നേ നാം ആകുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ടു നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരേ! നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു് ആകും എന്നു ഇതുവരെയും പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നേ കാണുന്നതാകകൊണ്ടു അവനോടു സദൃശന്മാർ ആകും എന്നു നാം അറിയുന്നു. അവനിൽ ഈ പ്രത്യാശയുള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്താൻ നിർമ്മലീകരിക്കുന്നു.”

“നമ്മുടെ പൌരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു. അവിടെനിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തിയിനാൽ നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോടു് അനുരൂപമായി രൂപാന്തരപ്പെടുത്തും.”

ക്രിസ്തുവിൽ എന്റെ പ്രിയസഹോദരന്മാരും സഹോദരിമാരുമേ! ഈ ശക്തിമത്തായ സത്യം നിങ്ങളുടെ ആത്മാക്കളിൽ അഗാധമായി പററിപ്പിടിക്കുംവരെയും ദൈവവചനത്തെ ശോധന ചെയ്യണമെന്നു ഞാൻ നിങ്ങളോടു് അപേക്ഷിക്കുന്നു. നിങ്ങളുടെ ആത്മാവിൽ ഇതിനു മുമ്പായി അതു കടന്നുകൂടിട്ടില്ലെങ്കിൽ അതു നിങ്ങളിൽ വരുമ്പോൾ ദൈവവചനത്തിലുള്ള മററതൊരു വെളിപ്പാടിനേക്കാളും സ്വാധീനമായി നമ്മെ രൂപാന്തരപ്പെടുത്തുന്ന ഒരു ശ

ക്തിയായി അതു ഭവിക്കുമെന്നു ഞാൻ നിങ്ങൾക്കു വാക്കു തരുന്നു. അതിനാൽ ജീവനുള്ള സത്യദൈവത്തെ സേവിക്കുന്നവരും അവന്റെ പുത്രന്റെ വരവിനുവേണ്ടി ഇടവിടാതെ കാത്തിരിക്കുന്നവരുമായിരിപ്പിൻ ആമേൻ.

# പഴയനിയമവും പുതിയനിയമവും.

## ഒരു താരതമ്യപരിശോധന.

പഴയനിയമം, ദൈവം എന്ന ശബ്ദത്തോടുകൂടി ആരംഭിക്കുന്നു. ഉല്പ: 1: 1.

പുതിയനിയമം, ക്രിസ്തു എന്ന പേരോടുകൂടി തുടങ്ങുന്നു. മത്താ: 1: 1.

കൃപയെക്കുറിച്ചു ധാരാളം പഴയനിയമത്തിൽ പറയുന്നുണ്ടെങ്കിലും ന്യായപ്രമാണമാണ് അതിൽ മുന്തിനില്ക്കുന്നതു്. അതിനാൽ ശാപത്തോടുകൂടി പഴയനിയമം അവസാനിക്കുന്നു. മലാ: 4: 6.

ന്യായപ്രമാണത്തെക്കുറിച്ചു ധാരാളം പുതിയനിയമത്തിൽ പറയുന്നുണ്ടെങ്കിലും കൃപയാണ് അതിൽ മുന്തിനില്ക്കുന്നതു്. അതിനാൽ അതു കൃപ എന്ന വാക്കോടു കൂടി അവസാനിക്കുന്നു. വെളി: 22:. 1.

ന്യായപ്രമാണം മോശയാൽ തരപ്പെട്ടു എന്നുള്ളതു പഴയനിയമത്തെക്കുറിച്ചുള്ള വിവരണം.

കൃപയും സത്യവും യേശുക്രിസ്തുവിനാൽ തരപ്പെട്ടു എന്നുള്ളതു പുതിയനിയമത്തെക്കുറിച്ചുള്ള വിവരണം.

പഴയനിയമദാതാവായ മോശയാൽ ചെയ്യപ്പെട്ട ആദ്യത്തെ അടയാളം: വെള്ളം രക്തമാക്കിയതു്. പുറ: 7: 19.

പുതിയനിയമദാതാവായ ക്രിസ്തുവിനാൽ ചെയ്യപ്പെട്ട ആദ്യത്തെ അടയാളം: വെള്ളം വീഞ്ഞാക്കിയതു്. യോഹ: 2: 1—11.

പഴയനിയമത്തിലെ ആദ്യത്തെ രണ്ടു സഹോദരന്മാരിൽ ഒരുവൻ മറ്റവനെ കൊലചെയ്യുന്നു.

...നിയമത്തിലെ ആദ്യസഹോദരന്മാരിൽ ഒരുവൻ
... യോഹ: 1: 41, 42.

പഴയനിയമത്തിന്റെ ആരംഭത്തിൽ മനുഷ്യനെ അന്വേഷിച്ചുകൊണ്ടു നീ എവിടെ? എന്നുള്ള ചോദ്യത്തോടു കൂടി ദൈവം വരുന്നു. (ഉല്പ: 3: 9.)

പുതിയനിയമത്തിന്റെ ആരംഭത്തിൽ ദൈവത്തെ അന്വേഷിച്ചുകൊണ്ട് അവൻ എവിടെ? എന്ന ചോദ്യത്തോടു കൂടി മനുഷ്യൻ ചെല്ലുന്നു. (മത്താ: 2: 2.)

പഴയനിയമം കൊടുക്കപ്പെട്ടപ്പോൾ മൂവായിരംപേർ കൊല്ലപ്പെട്ടു. (പുറ: 32: 28.)

പുതിയനിയമം കൊടുക്കപ്പെട്ടപ്പോൾ മൂവായിരം പേർ രക്ഷപ്പെട്ടു. (പ്രവൃ: 2: 41.)

പഴയനിയമത്തിന്റെ ചുരുക്കം, നിന്റെ ദൈവമായ യഹോവയെ സ്നേഹിക്കണം (ആവ: 6: 5) എന്നാണ്.

പുതിയനിയമത്തിന്റെ ചുരുക്കം, ദൈവം മനുഷ്യനെ സ്നേഹിക്കുന്നു (യോഹ: 3: 16.) എന്നാണ്.

പഴയപുതിയനിയമങ്ങളെ അന്യോന്യവിരുദ്ധങ്ങളായ രണ്ടു പുസ്തകങ്ങൾ എന്നു നാം ഗണിക്കരുത്. അവ കേവലം ദൈവഹൃദയത്തിന്റെ രണ്ടു പ്രദർശനങ്ങളാണ്. രണ്ടും ഒരേ രക്ഷിതാവിനെ മഹിമപ്പെടുത്തുകയും അവനെ പ്രത്യക്ഷീകരിക്കയും ചെയ്യുന്നു. ഇതിനാൽ പഴയനിയമത്തിൽ നാം ക്രിസ്തുവിനേയും പുതിയനിയമത്തിൽ നാം യേശുവിനേയും കാണുന്നു.

പുതിയതിൽ കൂടി പഴയതിലേക്കു നോക്കുന്ന ഒരുവനു യേശുക്രിസ്തുവിനെ കാണ്മാൻ കഴിയും. പഴയതിൽ കൂടി പുതിയതിലേക്കു നോക്കുന്ന ഒരുവൻ ക്രിസ്തുയേശുവിനെ അത്രേ കാണേണ്ടതു്. അതുകൊണ്ട് ഇങ്ങനെ സംക്ഷേപിക്കാം. പുതിയതു പഴയതിൽ മറഞ്ഞിരിക്കുന്നു. പഴയതു പുതിയതിൽ വെളിപ്പെടുന്നു.

---

നീതിവഴിയിൽക്കൂടി മുടന്തനും നടക്കാം. നിന്റെ അനുസരണജീവിതോദ്യോഗത്തിൽ ഫർലോ അവധി ആവശ്യപ്പെടരുതു്.

× × ×

ചെറിയ താമസം വലിയ താമസത്തിന്റെ മുന്നോടി. മുള്ളുകളെയോ വലുകല്ലുകളെത്തന്നെയുമോ പെറുക്കുവാൻ കാവൽപ്പടയാളി നില വിടരുതു്.

× × ×

നമ്മുടെ അത്യന്തശക്തി വലിയ ബലഹീനതയത്രെ. തന്നിൽ ദൈവസാന്നിദ്ധ്യം കുറവായും, പുറമേ അധികമായും കാണുന്ന...

×

താൻ കടക്കാരൻ എന്നു കാണുന്ന...

...അന്യസഹോദരന്മാരിൽ ഒരുവൻ

... (യോഹ: 1: 41, 42)

പഴയനിയമത്തിൻെറ ആരംഭത്തിൽ മനുഷ്യനെ അന്വേഷി ച്ചുകൊണ്ടു നീ എവിടെ? എന്നുള്ള ചോദ്യത്തോടു കൂടി ദൈവം വരുന്നു. (ഉല്പ: 3: 9.)

പുതിയനിയമത്തിൻെറ ആരംഭത്തിൽ ദൈവത്തെ അന്വേ

# മത്തായിയുടെ സുവിശേഷം.

## ഗുരുശിഷ്യസംഭാഷണം.

ഗുരു—പ്രിയശിഷ്യാ! നിൻെറ കൈവശം ഇരിക്കുന്ന ചെറിയ പുസ്തകം എന്തു്?

ശിഷ്യൻ—ഇതു മത്തായി എഴുതിയ സുവിശേഷമാണ്. ഇതുസംബന്ധിച്ച ചില കാര്യങ്ങൾ ചോദിച്ചറിവാനായിട്ടാണ് ഞാൻ ഇങ്ങോട്ടു വന്നതു്.

ഗുരു—കൊള്ളാം. നിനക്കറിയേണ്ടതു് എന്തൊക്കെയെന്നു പറക.

ശിഷ്യൻ—ഇവിടുത്തെ സമയംപോലെ സ്വല്പസംഗതികൾ എങ്കിലും ഈ സുവിശേഷം സംബന്ധിച്ചു പറഞ്ഞുകേൾപ്പാൻ ഞാൻ ആഗ്രഹിക്കുന്നു. ആദ്യമേ ഗ്രന്ഥകർത്താവിനെക്കുറിച്ചാകട്ടെ. മത്തായിഅപ്പോസ്തലൻ അല്ലയോ ഈ സുവിശേഷം എഴുതിയതു്?

ഗുരു—അതേ. മത്തായിഅപ്പോസ്തലൻ തന്നെ.

ശിഷ്യൻ—ഇതു മത്തായിഅപ്പോസ്തലൻ എഴുതിയതാണെന്നുള്ളതിനു വല്ല ചരിത്രസാക്ഷ്യവുമുണ്ടോ?

ഗുരു—ഉണ്ടു്. രണ്ടാം നൂറ്റാണ്ടിൻെറ ആദിയിൽ ജീവിച്ചിരുന്ന പപ്പിയാസു മുതലായ പിതാക്കന്മാർ ഇതിൻെറ ലേഖകൻ പന്ത്രണ്ടു് അപ്പോസ്തലന്മാരിലുൾപ്പെട്ട മത്തായി ആണെന്നു പറഞ്ഞിട്ടുണ്ടു്.

ശിഷ്യൻ—അപ്പോസ്തലനായ ശേഷമുള്ള അവൻെറ പ്രവൃത്തിയെക്കുറിച്ചു സുവിശേഷങ്ങളിലോ, പ്രവൃത്തികളുടെ പുസ്തകത്തിലോ പറഞ്ഞിട്ടുണ്ടോ?

ഗുരു—ഇല്ല. അവൻ കർത്തൃശിഷ്യനായിത്തീർന്ന ശേഷമുള്ള വാർത്തകൾ ഒന്നും തന്നെ പറയുന്നില്ല. പ്രവൃത്തികളുടെ പുസ്തകം 1-ാം അദ്ധ്യായത്തിൽ അവൻെറ പേർ വരുന്നുണ്ടെങ്കിലും പെന്തിക്കോസ്തിനുശേഷം അവൻെറ സ്മരണയേ കാണുന്നില്ല.

ശിഷ്യൻ—മർക്കൊ: 2: 14, 15. ലൂക്ക്. 8: 27—29. മത്താ: 9: 9, 10 ... ലേവി ഇ

ഗുരു—ദൈവദാനം എന്നാണ്. പക്ഷേ ശിമോനെ പത്രോസ് ആക്കിയതുപോലെ കർത്താവു ലേവിയെ മത്തായി ആക്കിയതായിരിക്കാം.

ശിഷ്യൻ—താൻ അപ്പോസ്തലനായി വിളിക്കപ്പെട്ട ഉടൻ തന്റെ പഴയ സ്നേഹിതരെ വിളിച്ച് ഒരു സദ്യ നടത്തിയതിൽവെച്ച് അവൻ ഒരു സമ്പന്നനായിരുന്നു എന്നു ചിലർ ഊഹിക്കുന്നതു ശരിയോ?

ഗുരു—ശരിതന്നെ. ഈ വിഷയം സംബന്ധിച്ച മത്തായി നമുക്ക് ഒരു നല്ല മാതൃക കാണിച്ചുതന്നിട്ടുള്ളതുകൂടി ഇവിടെ സ്മരണീയമാണ്.

ശിഷ്യൻ—അതു ചൂണ്ടിത്തന്നാൽ വളരെ ഉപകാരം.

ഗുരു—അങ്ങനെ ആകാം. അവൻ നമുക്കു മാതൃകയായിരിക്കുന്നതു്; അവൻ ഒരു വലിയ വിരുന്നു കഴിച്ചു എന്നുള്ള പ്രശംസായോഗ്യമായ പ്രവൃത്തിയെപ്പററി താൻ തന്നെ ഒന്നും പറയുന്നില്ല എന്നുള്ളതാണ്. ലൂക്കോസിന്റെ സുവിശേഷത്തിൽ അവൻ സകലവും വിട്ട് എഴുന്നേററു് അവനെ അനുഗമിച്ചു എന്നും ലേവി തന്റെ വീട്ടിൽ ഒരു വലിയ വിരുന്നൊരുക്കി എന്നും കാണിച്ചിരിക്കെ തന്റെ ലിഖിതത്തിൽ ആ സംഗതി പ്രസ്താവിക്കുന്നില്ല. തന്റെ ആത്മപരിത്യാഗവും ദാനശീലവും സ്വയമേവ പ്രകടിപ്പിക്കാതിരുന്നതിൽ അവന്റെ വിനയസ്വഭാവം വെളിപ്പെടുന്നു. മാത്രമല്ല, മററു സുവിശേഷങ്ങളിൽ മത്തായിയുടെ പേർ കഴിഞ്ഞു തോമസ്സിന്റെ പേർ പറഞ്ഞിരിക്കെ ഈ സുവിശേഷത്തിൽ തോമസിന്റെ പേർകഴിഞ്ഞാണ് മത്തായി തന്റെ പേർ വെച്ചിരിക്കുന്നതു്. ഇദ്ദേഹം ഒരു ചുങ്കക്കാരൻ ആയിരുന്നു എന്നുള്ളതു തന്റെ പദപ്രയോഗങ്ങളിൽനിന്നുകൂടി മനസ്സിലാക്കാം. മത്താ: 22: 19. ഇവിടെ കരത്തിനുള്ള നാണയം എന്നു പറഞ്ഞുകാണുന്നു. മററു സുവിശേഷകന്മാർ വെള്ളിക്കാശു് എന്നുള്ള സാധാരണ പേരാണ് പറഞ്ഞിരിക്കുന്നതു്. (മർക്കോ: 12: 15, ലൂക്ക്. 20: 23.) കൂടാതെ ലൂക്കോസ് പാപികൾ എന്നുള്ള പദം ഉപയോഗിച്ചിരിക്കുന്നിടത്തു (ലൂക്ക്. 6: 32, 33.) മത്തായി ചുങ്കക്കാർ എന്നുള്ള പദമാണ് പ്രയോഗിച്ചിരിക്കുന്നതു്. മത്താ: 5: 46, 47.

ശിഷ്യൻ— മത്തായിസുവിശേഷകൻ തന്റെ സുവിശേഷം എബ്രായഭാഷയിൽ എഴുതി എന്നു പപ്പിയാസ് പറയുന്നതായും ഐറീനിയസ്സ് അതിനെ താങ്ങിപ്പറയുന്നതായും ഞാൻ എവിടെയോ വായിച്ചിട്ടുണ്ട്.

ഗുരു—അതേ. യൂസിബിയസ് നാലാം നൂററാണ്ടിന്റെ ആരംഭത്തിൽ ഇതു സാക്ഷിപ്പെടുത്തുന്നുണ്ട്. അതിനാൽ എബ്രായ മൂല

മുണ്ടായ ഉടൻ ഗ്രീക്കിലും അതു മത്തായിതന്നെ തർജ്ജമ ചെയ്തതായി വിചാരിക്കാം.

ശിഷ്യൻ—യൂസിബിയസ് എബ്രായയിലും ഗ്രീക്കിലും തന്റെ ചരിത്രം എഴുതിയതുപോലെയല്ലയോ?

ഗുരു—അതേ.

ശിഷ്യൻ—ഈ സുവിശേഷം എഴുതിയ കാലത്തെക്കുറിച്ച് എന്താണ് പറവാനുള്ളത്?

ഗുരു—മെല്പറഞ്ഞ പിതാക്കന്മാരുടെ സാക്ഷ്യങ്ങൾ കൊണ്ടും വിശുദ്ധനഗരം മത്താ: 4: 5. വിശുദ്ധസ്ഥലം മത്താ: 24: 15. മഹാരാജാവിന്റെ നഗരം മത്താ: 5: 35. ഈ പദപ്രയോഗങ്ങൾകൊണ്ടും നഗരത്തിന്റെ ഭാവിശിക്ഷയെക്കുറിച്ചു കർത്താവ് ഉപയോഗിച്ചിരിക്കുന്ന ഭാഷയുടെ സ്വഭാവംകൊണ്ടും വിശേഷിച്ച് "വായിക്കുന്നവൻ ചിന്തിച്ചുകൊള്ളട്ടെ. അന്നു യഹൂദ്യയിലുള്ളവർ മലകളിലേക്ക് ഓടിപ്പോകട്ടെ" (മത്താ: 24: 18.) എന്ന പ്രബോധനംകൊണ്ടും ക്രിസ്ത്വബ്ദം 66-നു മുൻപ് ഇത് എഴുതപ്പെട്ടതായി വിചാരിക്കാം. *

ശിഷ്യൻ—സുവിശേഷത്തിന്റെ സ്വഭാവവും അതിൽ അടങ്ങിയിരിക്കുന്ന സംഗതികളും സംബന്ധിച്ച് അവിടുന്ന് എന്തു പറയുന്നു?

ഗുരു—യഹൂദന്മാരെ പ്രത്യേകം ഉദ്ദേശിച്ച് എഴുതിയ ഈ സുവിശേഷത്തിന്റെ ആന്തരം കർത്താവിനെ അവരുടെ മശിഹാ ആണെന്നു കാണിക്കണമെന്നുള്ളതായിരുന്നു. സുവിശേഷത്തിന്റെ ഈ സ്വഭാവവിശേഷത്താൽ പഴയനിയമത്തെയും പുതിയനിയമത്തെയും അന്യോന്യം കൂട്ടിക്കൊള്ളുന്നതിന് ഇതൊരു ചങ്ങലക്കണ്ണിയെന്നുതന്നെ പറയാം.

ശിഷ്യൻ—ഈ സുവിശേഷമനുസരിച്ച് എത്ര പഴയനിയമപ്രവചനങ്ങൾ യേശുവിൽ നിറവേറീട്ടുണ്ടെന്നു പറയാം.

ഗുരു—അറുപതു പ്രവചനവാക്യങ്ങൾ നിറവേറിയതായിട്ടു ഈ സുവിശേഷത്തിൽ കാണിക്കപ്പെട്ടിരിക്കുന്നു.

ശിഷ്യൻ—താൻ മശിഹായെന്ന് ഈ സുവിശേഷം കാണിക്കുന്നുവെങ്കിൽ തന്റെ രാജ്യത്തെക്കുറിച്ചും അതിൽ ധാരാളം പറഞ്ഞിരിക്കണമല്ലോ?

ഗുരു—ഉണ്ട്: 32 പ്രാവശ്യം സ്വർഗ്ഗരാജ്യം എന്നുള്ള പദം വരുന്നുണ്ട്. യേശുവിനു ദാവീദിന്റെ സിംഹാസനത്തോടുള്ള

* യറുശലേം നഗരത്തിന്റെ കാരണമായിത്തീർന്ന കലാപങ്ങൾ ക്രിസ്ത്വബ്ദം 66-ലാണ് തുടങ്ങിയത്.

സംബന്ധത്തെ കാണിപ്പാൻ ദാവീദിന്റെ പുത്രൻ എന്നു ഏഴു പ്രാവശ്യം പ്രയോഗിക്കപ്പെട്ടിരിക്കുന്നു.

ശിഷ്യൻ—ഈ സുവിശേഷത്തെക്കുറിച്ചു കൂടുതലായി വല്ലതും പറയാനുണ്ടോ?

ഗുരു—യേശുവിന്റെ പ്രവൃത്തികളെക്കാൾ വചനങ്ങളെയാണ് ഈ സുവിശേഷത്തിൽ അധികമായി സംഗ്രഹിച്ചിരിക്കുന്നതു്. അവ അടുക്കിനു പറഞ്ഞിട്ടുണ്ട്. എന്നാൽ മററു സുവിശേഷങ്ങളിൽ അങ്ങനെയല്ല.

---

# അന്തിക്രിസ്തു.

ക്രിസ്തുവിന്റെ രണ്ടാംവരവിനെക്കുറിച്ചു നാം പറകയും എഴുതുകയും ചെയ്യുമ്പോൾ അന്തിക്രിസ്തുവിന്റെ പ്രത്യക്ഷതയെക്കുറിച്ചുംകൂടി അറിയുന്നതു് ഒഴിച്ചുകൂടാത്ത ആവശ്യമാണ്. പഴയനിയമമോ പുതിയനിയമമോ വായിക്കുമ്പോൾ ഈവിധമുള്ള ഒരു ഭയങ്കരമൂർത്തിയുടെ ആവിർഭാവത്തെപ്പററി അതിൽ വ്യക്തമായി പറഞ്ഞിരിക്കുന്നതു കാണാം. പല പേരുകളോടുകൂടിയ ഈ പ്രത്യേകമനുഷ്യൻ സൂക്ഷ്മപരിശോധനയാൽ മാത്രമേ ബഹുസംജ്ഞനായ ഒററയൊരു ആൾ ആണെന്നു നമുക്കു മനസ്സിലാക്കുവാൻ സാധിക്കയുള്ളു.

അന്തിക്രിസ്തുവിനു കൊടുത്തിട്ടുള്ള പല പേരുകൾ രണ്ടു നിയമങ്ങളിൽനിന്നും നമുക്ക് ആരാഞ്ഞുനോക്കാം.

| പഴയനിയമം. | പുതിയനിയമം. |
|---|---|
| **യെശയ്യാ** | **പൌലൊസ്** |
| 14: 4. ബാബേൽരാജാവ് | 2 തെസ്സ: 2: 3—8 അധർമ്മമൂർത്തി അഥവാ പാപമനുഷ്യൻ നാശപുത്രൻ അധർമ്മി |
| 14: 12. അരുണോദയപുത്രനായ ശുക്രൻ | |
| **ദാനിയേൽ.** | **യോഹന്നാൻ** |
| 7: 8, 8: 9. ചെറിയ കൊമ്പ്. | 1 യോഹ: 2: 18 അന്തിക്രിസ്തു. |
| 8: 23. ഉഗ്രമുഖമുള്ള രാജാവ്. | വെളി: 13: 1 മൃഗം. |
| 9: 26. വരുവാനിരിക്കുന്ന പ്രഭു. | |
| 11: 36. സ്വേച്ഛാനുവർത്തിയായ രാജാവ്. | |

കർത്താവും ഇവനെപ്പററി പറഞ്ഞിട്ടുണ്ട്. യോഹ: 5: 43. "ഞാൻ എന്റെ പിതാവിന്റെ നാമത്തിൽ വന്നിരിക്കുന്നു. എന്നെ നിങ്ങൾ കൈക്കൊള്ളുന്നില്ല. മറെറാരുത്തൻ സ്വന്തനാമത്തിൽ വന്നാൽ അവനെ നിങ്ങൾ കൈക്കൊള്ളും."

യെഹൂദന്മാർ യേശുവിനെ മശിഹായായി സ്വീകരിക്കാതെ തള്ളിക്കളഞ്ഞു. എങ്കിലും അന്തിക്രിസ്തു വരുമ്പോൾ അവർ അവനെ മശിഹായായി കൈക്കൊള്ളുമെന്നാണ് ഇതിൻെറ അർത്ഥം.

## I. അന്തിക്രിസ്തുവിൻെറ ആളത്വം

അപ്പോസ്തലികസഭ ദൈവദൂഷണവും ദുഷ്ടതയും മൂർത്തീകരിച്ച ഒരാളായിട്ടുതന്നെയാണ് അന്തിക്രിസ്തുവിനെ വിശ്വസിച്ചിരുന്നതു്. എന്നാൽ 12-ാം നൂററാണ്ടിൽ അന്തിക്രിസ്തു പാപ്പായാണെന്നുള്ള മതം കുറേശ്ശ പരക്കുവാൻ തുടങ്ങി. ചാരിത്രികവ്യാഖ്യാതാക്കൾ ഈ അഭിപ്രായത്തെയാണ് സ്വീകരിച്ചിരിക്കുന്നതു്. ഇതിനു വേണ്ട യുക്തിയും പ്രാമാണ്യവുമുണ്ടെന്നു പറവാൻ പാടില്ല. പാപ്പായോ അഥവാ പാപ്പാതന്ത്രമോ ആണ് അന്തിക്രിസ്തു എന്നുള്ള അഭിപ്രായത്തെ ഒരു വേദപരിശോധനയിൽകൂടെ കടത്തി വിടാമെന്നു കാണുക.

(1) യോഹന്നാൻ അപ്പോസ്തലൻ പറയുന്നതാവിതു്:— യേശുവിനെ ക്രിസ്തുവല്ലെന്നു നിഷേധിക്കുന്നവനല്ലാതെ കള്ളൻ ആരാകുന്നു. പിതാവിനെയും പുത്രനെയും നിഷേധിക്കുന്നവൻ തന്നെ എതിർക്രിസ്തുവാകുന്നു. 1 യോഹ: 2: 22.

യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽനിന്നുള്ളതല്ല. അതു് എതിർക്രിസ്തുവിൻെറ ആത്മാവുതന്നെ. 1 യോഹ: 4: 3.

യേശു, ക്രിസ്തുവാണെന്നുള്ളതിനെ യെഹൂദന്മാരും അവൻ ജഡത്തിൽ വന്നു എന്നുള്ളതിനെ ഏകത്വമതക്കാരും (Unitarians) നിഷേധിക്കുന്നു. പാപ്പാമതം അതിനെ ഒരിക്കലും നിഷേധിച്ചിട്ടില്ല. "പിതാവായി സർവ്വശക്തനായി ആകാശത്തിൻെറയും ഭൂമിയുടെയും സ്രഷ്ടാവായ ഏകദൈവത്തിലും അവൻെറ ഏകപുത്രനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിലും" അവർ എപ്പോഴും വിശ്വസിക്കുന്നു. അതിനാൽ പാപ്പാമതത്തെ എതിർക്രിസ്തു എന്നു പറവാൻ പാടില്ല.

(2) വെളി: 14: 4, 5-ാം വാക്യങ്ങളിൽ കനകരത്നാദികൾ അണിഞ്ഞുകാണുന്ന വേശ്യ റോമാസഭയാണെന്നു ചാരിത്രികവ്യാഖ്യാതാക്കൾ ഐകകണ്ഠ്യേന സമ്മതിക്കുന്നു. ഇതുപോലെതന്നെ ഇവളെ ചുമക്കുന്ന മൃഗം അന്തിക്രിസ്തുവാണെന്നുകൂടി പൊതുസമ്മതമുള്ള സ്ഥിതിക്കു് അന്തിക്രിസ്തുവും റോമാസഭയും രണ്ടാണെന്നുള്ളതു നിർവിവാദമാണ്.

(3) ദാനി: 11: 36, 37; 2 തെസ്സ: 2: 4. ഈ വാക്യങ്ങളിൽ കാണുന്നപ്രകാരം അന്തിക്രിസ്തുവാകുന്ന പാപമനുഷ്യൻ തന്നെ

ത്താൻ ദൈവമെന്നു വെളിപ്പെടുത്തേണ്ടതാകുന്നു. റോമാസഭ ഇങ്ങനെ ചെയ്തിട്ടില്ല.

(4) സർവ്വഭൂമിയും മൃഗത്തെ കണ്ടു വിസ്മയിച്ചു മൃഗത്തിന് അധികാരം കൊടുത്തതുകൊണ്ട് അവർ മഹാസർപ്പത്തെ നമസ്കരിച്ചു. ഇതും റോമസഭയെ സംബന്ധിച്ചു യോജിക്കുന്നില്ല.

(5) വെളി: 14: 9–11—ൽ പറഞ്ഞിരിക്കുന്നതുപോലെ (റോമസഭ അന്തിക്രിസ്തുവാണെങ്കിൽ) റോമസഭയിൽപെട്ടിരിക്കുന്ന ആളുകൾ എല്ലാവരും നരകശിക്ഷയ്ക്കു പാത്രങ്ങളാണെന്നു പറയേണ്ടിവരും. ചാരിത്രികവ്യാഖ്യാതാക്കൾക്ക് ഇങ്ങനെ പറവാൻ ധൈര്യമുണ്ടാകുമോ?

(6) അന്തിക്രിസ്തുവിനെ നശിപ്പിക്കാനുള്ള കർത്താവിൻെറ മഹത്വപ്രത്യക്ഷത യരുശലേമിൽ ആണ്. ഒലിവുമലയിൽ അവൻെറ പാദങ്ങൾ നിൽക്കും എന്നാണല്ലോ പറഞ്ഞിരിക്കുന്നത്. യരുശലേമിൽ പ്രത്യക്ഷമാവാനുള്ള കാരണം അന്തിക്രിസ്തു അവിടെ രാജാവായിരിക്കുന്നിമിത്തമാണ്. അന്തിക്രിസ്തു പാപ്പയായിരുന്നെങ്കിൽ റോമയിലെ വത്തിക്കാൻ അരമനയിൽ ക്രിസ്തു പ്രത്യക്ഷമാകുമെന്നല്ലേ വേദത്തിൽ കാണേണ്ടതു്.

ഇത്യാദി ന്യായങ്ങളാൽ അന്തിക്രിസ്തു ഭാവിയിൽ വെളിപ്പെടേണ്ട ഒരു പ്രത്യേകമൂർത്തിയാണെന്നും പാപ്പയല്ലെന്നും പ്രത്യക്ഷമാകുന്നു.

അന്തിക്രിസ്തു ക്രിസ്തുവിനു പകരം ഒരാളോ, ക്രിസ്തുവിനോടു കിടപിടിക്കാൻ ശ്രമിക്കുന്ന ഒരുവനോ അല്ല. പ്രത്യുത, അവൻ ക്രിസ്തുവിന് എതിരാളി അത്രെ. അന്തിക്രിസ്തു എന്ന പദത്തിൻെറ ആദിയിൽ കാണുന്ന "ആൻറി" എന്ന ഗ്രീക്കുശബ്ദത്തിന് എതിർ എന്നർത്ഥമാണ്. ഒരു മൂർത്തിയായിരിക്കുമെന്നുള്ളതു് ഒഴിച്ചു മററു സകല സംഗതികളിലും അവൻ ക്രിസ്തുവിൻെറ എതിരാളി തന്നെ. അടിയിൽ വരുന്ന വ്യത്യാസപരിശോധന കാൺക.

1. ക്രിസ്തു മേലിൽനിന്നു വന്നു. യോഹ: 6. 38.

അന്തിക്രിസ്തു അഗാധകുഴിയിൽനിന്നു കരേറുന്നു.
വെളി: 11: 7.

2. ക്രിസ്തു തൻെറ പിതാവിൻെറ നാമത്തിൽ വന്നു.
യോഹ: 5: 43.

അന്തിക്രിസ്തു തൻെറ സ്വന്തനാമത്തിൽ വരുന്നു. ടി

3. ക്രിസ്തു തന്നെത്താൻ താഴ്ത്തി. ഫിലി: 2: 8.

അന്തിക്രിസ്തു തന്നെത്താൻ ഉയർത്തുന്നു. 2 തെസ്സ: 2: 4.

4. ക്രിസ്തു നിന്ദിക്കപ്പെട്ടു. യശയ്യാ 53: 3; ലൂക്ക് 23: 18.
അന്തിക്രിസ്തു വിസ്മയിക്കപ്പെടുന്നു. വെളി: 13: 3, 4.

5. ക്രിസ്തു ഉയൎത്തപ്പെട്ടു. ഫിലി: 2: 9.
അന്തിക്രിസ്തു തള്ളിയിടപ്പെട്ടു. യശയ്യാ: 14: 14, 15; വെളി: 19: 20.

6. ക്രിസ്തു തന്റെ പിതാവിന്റെ ഇഷ്ടം ചെയ്വാൻ വന്നു. യോഹ: 6: 38.
അന്തിക്രിസ്തു സ്വന്തഇഷ്ടം നടത്തുവാൻ വരുന്നു. ദാനി: 11: 36.

7. ക്രിസ്തു രക്ഷിപ്പാൻ വന്നു. ലൂക്ക 19: 10.
അന്തിക്രിസ്തു നശിപ്പിപ്പാൻ വരുന്നു. ദാനി: 8: 24.

8. ക്രിസ്തു നല്ല ഇടയൻ. യോഹ: 10: 4—15.
അന്തിക്രിസ്തു ബിംബ (മൂഢ) ഇടയൻ. സഖ: 11: 16, 17.

9. ക്രിസ്തു സത്യമുന്തിരിവള്ളി. യോഹ: 15: 1.
അന്തിക്രിസ്തു ഭൂമിയിലെ മുന്തിരിക്കുല. വെളി: 14: 18.

10. ക്രിസ്തു സത്യം. യോഹ: 14: 6.
അന്തിക്രിസ്തു വ്യാജം. 2 തെസ്സ: 2: 11.

11. ക്രിസ്തു വിശുദ്ധൻ. മൎക്കൊ: 1: 24.
അന്തിക്രിസ്തു അധൎമ്മി. 2 തെസ്സ: 2: 8.

12. ക്രിസ്തു ദുഃഖമനുഷ്യൻ. യശയ്യാ: 53: 3.
അന്തിക്രിസ്തു പാപമനുഷ്യൻ. 2 തെസ്സ: 2: 3.

13. ക്രിസ്തു ദൈവപുത്രൻ. ലൂക്ക് 1: 35.
അന്തിക്രിസ്തു നാശപുത്രൻ. 2 തെസ്സ: 2: 3.

14. ക്രിസ്തു ദൈവഭക്തിയുടെ മൎമ്മം. അതായതു ജഡത്തിൽ വെളിപ്പെട്ട ദൈവം. 1 തിമൊ: 3: 16.
അന്തിക്രിസ്തു അധൎമ്മത്തിന്റെ മൎമ്മം. അതായതു ജഡത്തിൽ വെളിപ്പെട്ട സാത്താൻ. 2 തെസ്സ: 2: 7.

## II അന്തിക്രിസ്തുവിന്റെ ഉത്ഭവം.

### ഫ. യശയ്യാവിന്റെ കാഴ്ച.

യശയ്യാ 11-ാം അദ്ധ്യായം മശീഹായെ സംബന്ധിച്ചു പറയുന്ന ഒരു അദ്ധ്യായം ആണല്ലോ. അതിൽ 4-ാം വാക്യത്തിൽ പറയുന്നതാവിതു. തന്റെ വായ് എന്ന വടികൊണ്ടു അവൻ ഭൂമിയെ അടിക്കും. തന്റെ അധരങ്ങളുടെ ശ്വാസംകൊണ്ടു ദു

ഷ്ടനെ കൊല്ലും. ഇതു 2 തെസ്സ: 2: 8-ാം വാക്യത്തോട്, അതായത് അവനെ കർത്താവായ യേശു തന്റെ വായിലെ ശ്വാസത്താൽ ഒടുക്കി തന്റെ പ്രത്യക്ഷതയുടെ പ്രഭാവത്താൽ നശിപ്പിക്കും എന്ന വാക്യത്തോട് ഒത്തിരിക്കുന്നു.

ഇതിൽനിന്നു യശയ്യാവും പൌലൂസും പറയുന്നതു് ഒരാളിനെ സംബന്ധിച്ചാണെന്നു വ്യക്തമാകുന്നുവല്ലോ.

കൂടാതെ യശയ്യാ 14: 4-17 വരെയുള്ള വാക്യങ്ങളിൽ "വംശങ്ങളെ ഇടവിടാതെ ക്രോധത്തോടെ അടിക്കയും അടക്കം തട്ടുകൂടാത്ത ഉപദ്രവത്താൽ ജാതികളെ കോപത്തോടെ ഭരിക്കയും" ചെയ്യുന്ന ബാബിലോൻരാജാവിനെക്കുറിച്ചുള്ള വിവരണത്തിൽ ഞാൻ സ്വർഗ്ഗത്തിൽ കയറും, എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും, ഉത്തരദിക്കിന്റെ അതിർത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും, ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും, ഞാൻ അത്യുന്നതനോടു സമനാകും എന്നു് ആ രാജാവു പറയുന്നതായി കാണുന്നു.

ഈ രാജാവു് അരുണോദയപുത്രനായ ശുക്രൻ എന്നു വിളിക്കപ്പെട്ടിരിക്കുന്നു. ഇവന്റെ വീഴ്ചയും അവിടെ വിവരിച്ചിട്ടുണ്ട്. പാതാളത്തിലേക്ക് ഇവൻ തള്ളിയിടപ്പെട്ടു. ഇവന്റെ വീഴ്ചയിൽ പാതാളവാസികൾ സംഭ്രാന്തരായി ചോദിക്കുന്ന ചോദ്യം പ്രവാചകൻ ഉദ്ധരിച്ചിട്ടുണ്ട്. ഭൂമിയെ നടുക്കുകയും രാജ്യങ്ങളെ കുലുക്കുകയും ഭൂതലത്തെ മരുഭൂമിപോലെ ആക്കുകയും അതിലെ പട്ടണങ്ങളെ ഇടിച്ചുകളകയും തന്റെ ബദ്ധന്മാരെ വീട്ടിലേക്കു അഴിച്ചുവിടാതിരിക്കയും ചെയ്തവൻ ഇവനല്ലയോ? (വാക്യം 17.)

ഇവിടെ പറയുന്ന മാതിരി ഒരു രാജാവു ബാബിലോനിൽ ഏതു കാലത്തും ഉണ്ടായിട്ടില്ല. അവസാനകാലത്തു ബാബിലോൻനഗരം വീണ്ടും പണിയിക്കപ്പെടുമ്പോൾ യഥാക്ഷരം ഇതു നിവൃത്തിക്കുന്നതായിരിക്കും.

12 മുതൽ 14 വരെയുള്ള വാക്യങ്ങൾ സാത്താനെ സംബന്ധിച്ചാണെന്നു് ആരും സമ്മതിക്കും. അന്തിക്രിസ്തുവിൽ വാഹനമേറിയോ അന്തിക്രിസ്തുവായി അവതരിച്ചോ ഇരിക്കുന്ന സാത്താൻ തന്നെയായിരിക്കും ബാബിലോന്റെ ആദിരാജാവ്.

(തുടരും)

---

ഉദരത്തിനെ സ്വതന്ത്രമാക്കുന്നതിനുള്ള വിദ്യ അഭ്യസിച്ചവർ മനസ്സിന്റെ പ്രീതി ഉണ്ടാക്കുന്നു.

× × ×

എല്ലാവരാലും ദുഷിക്കപ്പെടുന്നവനും എല്ലാവരാലും സ്തുതിക്കപ്പെടുന്നവനും തമ്മിൽ വലിയ അന്തരമില്ല.

# സ്നാനത്തെക്കുറിച്ചുള്ള ഏതാനും നിരൂപണങ്ങൾ.

(തുടർച്ച)

(മൂത്താമ്പാക്കൽ ഒ കൊച്ചുകുഞ്ഞുപദേശി)

2. സ്നാനം അനുഗ്രഹകരമായ ഒരു ശുശ്രൂഷയാകുന്നു.

എ. റോമ: 6: 3. അല്ല, യേശുക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ട
നാം എല്ലാവരും അവന്റെ മരണത്തിലേക്കു സ്നാനപ്പെട്ടു എന്നു നി
ങ്ങൾ അറിയുന്നില്ലയോ? യേശുക്രിസ്തുവിങ്കലേക്കു സ്നാനപ്പെടുന്ന ശു
ശ്രൂഷയോടു സംഘടിപ്പിച്ചിരിക്കുന്ന ദിവ്യസത്യം ഈ വചനത്തിൽ
സൂചിപ്പിച്ചിരിക്കുന്നു. പിന്നാലെ 14-ാം വാക്യം വരെയും പ്രസ്തു
തസൂചനയെക്കൊണ്ടുള്ള വ്യവഹാരവിവരണങ്ങൾ കാണിച്ചിരി
ക്കയും ചെയ്യുന്നു. അതിനെ സൂക്ഷിച്ചാലോചിച്ചാൽ അപ്പോസ്തോ
ലൻ 3-ാംവാക്യത്തിൽ സ്നാനത്തോടു സംഘടിപ്പിച്ചിരിക്കുന്ന സൂ
ചനയുടെ തെളിവു കണ്ടെത്താം. പുതിയനിയമവിശ്വാസികൾ
കൃപയ്ക്കു കീഴിലുള്ളവരാണെന്നും തന്നിമിത്തം അവരിൽ പാപത്തി
നു കർത്തവ്യംചെയ്വാൻ കഴിയുന്നതല്ലെന്നും താൻ 14-ാംവാക്യ
ത്തിൽ പറയുന്നു. പാപത്തിനു കർത്തവ്യം ചെയ്വാൻ കഴിവി
ല്ലാത്ത ഒരവസ്ഥയിൽ ക്രിസ്തുവിനോടു സംയോജിക്കപ്പെടുന്നതി
നെപ്പറ്റിയുള്ള നിരൂപണങ്ങളത്രേ 3-ും 14-ും മദ്ധ്യേയുള്ള
വചനങ്ങളിൽ അടങ്ങിയിരിക്കുന്നതു്.

ഈ ശ്രേഷ്ഠസംബന്ധത്തിലേക്കുൾപ്രവേശിക്കുന്നതു യേശു
ക്രിസ്തുവിങ്കലേക്കു സ്നാനപ്പെടുന്നതിനാൽ ആണെന്നു താൻ 3-ാം
വാക്യത്തിൽ പറഞ്ഞുംകൊണ്ടു സംഗതി തുടങ്ങുന്നു. പാപത്തിനു
മരിച്ചവരായും ദൈവത്തിനു ജീവിക്കുന്നവരായും തങ്ങളെത്തന്നെ
എണ്ണിക്കൊണ്ടു കർത്താവിന്റെ കല്പനപ്രകാരം ജലസ്നാനത്തിനുൾ
പ്രവേശിക്കുമ്പോൾ ഹാ! സാധുവായ ദൈവപൈതൽ എത്ര വ
ലിയൊരു സംഗതിക്കു തന്നെ കീഴ്പെടുത്തുന്നു. കൃപയുടെ പ്ര
മാണത്തിൻപ്രകാരം ഈ ശുശ്രൂഷ ഏല്പിക്കപ്പെട്ടിരിക്കുന്നതിനാ
ൽ ഒന്നാമതായി ഈ സത്യം ഉള്ളിൽ പ്രവൃത്തി ചെയ്യുന്നു. ത
ന്നിമിത്തം തന്റെ ഉള്ളത്തിൽ ഒരു മഹാസന്തോഷം, നിറഞ്ഞുവ
രുമ്പോൾ അതിന്റെ പ്രകാശനം മുഖത്തു വിളങ്ങി പുഞ്ചിരി തൂ
കുന്നവനെപ്പോലെ കൃപയുടെ ആത്മാവിന്റെ വെളിച്ചം ഉള്ളി
ൽ നിറയുന്ന ക്രിസ്തുവിശ്വാസി പ്രസന്നമാനസനായി ദിവ്യസത്യ
ങ്ങളുടെ പ്രകാശനമായ ജലസ്നാനത്തിങ്കലേക്കു കടന്നുവരുന്നു. ഈ
ഗൂഢാർത്ഥംനിമിത്തമാണു് സ്നാനത്തിനു പ്രകാശനം എന്നു തിരുവ
... ിരിക്കുന്നതു്. ഇപ്രകാരം യേശു

ക്രിസ്തുവിങ്കലേക്കു സ്നാനപ്പെടുന്ന കൃപയുടെ പൈതൽ അതിൻെറ വിവരണങ്ങളെ ധ്യാനിക്കുമ്പോൾ എത്ര അനുഗ്രഹം, അനുഗ്രഹത്തിന്മേൽ അനുഗ്രഹമായി അവനു ലഭിക്കുന്നു. ഈ അനുഗ്രഹകരമായ ശുശ്രൂഷയെ കൃപയുടെ പ്രമാണത്തിൻപ്രകാരം നിവൃത്തിച്ചുകൊണ്ടു കൃപയുടെ മേഘത്തിൻകീഴിൽ ജീവിക്കുന്നതു വിശ്വാസികൾക്കു എത്ര ഭാഗ്യമാകുന്നു. അപ്പോൾ ഇസ്രായേലിൻെറ പാട്ടുകാരൻ വർണ്ണിച്ചിരിക്കുന്ന ആത്മീയകല്യാണം പാവപ്പെട്ട ക്രിസ്തുവിശ്വാസികളിൽ നിവൃത്തിയാകയും ചെയ്യുന്നു. പാട്ടു: 3: 6—11.

ഇതാ വനത്തിൽനിന്നു ഒരുത്തി പുറപ്പെട്ടുവരുന്നു. അവൾ മൂരും കുന്തുരുക്കവുംകൊണ്ടും കച്ചവടക്കാരൻെറ സകലവിധ പൊടികൾകൊണ്ടും പരിമളപ്പെട്ടിരിക്കുന്ന പുകത്തൂണുപോലിരിക്കുന്നു. കൃപയുടെ സൌരഭ്യങ്ങളാൽ അവൾ പരിമളപ്പെട്ടിരിക്കുന്നു. ഈ സൌരഭ്യം ക്രിസ്തുവിൻെറ ബലിയിൽനിന്നു അവൾക്കു ലഭിച്ചിരിക്കുന്നതാണ്. എഫേ: 5: 2. വനാന്തരത്തിലേക്കു കൊണ്ടുപോകപ്പെട്ട കോലാടായി അവൻ ശത്രുക്കളുടെ കയ്യാൽ ദൈവത്തിനു തന്നെ വഴിപാടും ബലിയുമായി സമർപ്പിച്ചു. അവൻെറ ബലിയിൽതന്നെ ബലി അർപ്പിച്ചുംകൊണ്ടു പരിമളപ്പെട്ടോരു പുകത്തൂണായി വനത്തിൽനിന്നു കറുത്തവളായ ശൂലേമിക്കാരി ഇതാ പുറപ്പെട്ടുവരുന്നു. അവൾ ശലോമോൻെറ കല്യാണദിവസത്തിങ്കലേക്കു വരുന്നു. അവൻ ഹൃദയസന്തോഷത്തോടു കൂടിയവനായി അവൻെറ മാതാവു അവനെ ധരിപ്പിച്ച കിരീടമണിഞ്ഞവനായി ഇരുത്തപ്പെട്ടിരിക്കുന്നു. സീയോൻപുത്രിമാരിൽനിന്നു വേർപെട്ടവളായ ശൂലേമിക്കാരി അവൻെറ നിയമിതഭാര്യയായി കൈക്കൊള്ളപ്പെടുന്നു. (4: 8. എൻെറ മണവാട്ടിയായുള്ളോവേ) ഈ സാദൃശ്യത്തിൻ പൊരുളല്ലോ ലോകമാകുന്ന വനാന്തരത്തിൽനിന്നു ക്രിസ്തു എന്ന നികാഹപുരുഷനെ തേടിവരുന്ന സാധുവായ ക്രിസ്ത്യാനിയുടെ ജലസ്നാനത്തിൽ വെളിപ്പെടുന്നതു. ക്രിസ്തുകർത്താവിൻെറ ബലിമരണങ്ങളുടെ പരിമളത്താൽ അവൻെറ ആത്മാവു പുകത്തൂണുപോലെ ആയി. അവനുവേണ്ടി കള്ളന്മാരെ ജയിപ്പാൻ വീരപുരുഷനായി. (പാട്ടു: 3: 7—8. സാദൃശ്യത്തിൻ വെളിച്ചംകൊണ്ടു നോക്ക.) തൻെറ ആത്മമണവാളനെ കിരീടധാരിയായി ഹൃദയകണ്ണാൽ ദർശിച്ചുംകൊണ്ടു അവൻെറ ഇഷ്ടത്തിനു തന്നെ കീഴ്പെടുത്തുകയും ചെയ്യുന്നു. ഹാ! ക്രിസ്തീയസഹോദരാ! യേശുക്രിസ്തുവിങ്കലേക്കു സ്നാനപ്പെടുന്ന സംഗതി എത്ര ശ്രേഷ്ഠമായ പൊരുളുകൾ അടങ്ങിയതു. ഇത്ര മഹത്തായ പൊരുളുകൾ അടങ്ങിയ ജലസ്നാനത്തെ ചൂണ്ടിക്കൊണ്ടു ദൈവവചനം നിന്നോടു പറയുന്നതിനെ നീ ധ്യാനിക്കുമോ? കൃപയുടെ പ്രമാണപ്രകാരം നീ യേശുക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ട ഒരുവനോ? ക്രിസ്തുവിൻെറ ബലിമരണങ്ങൾ നിൻെറ ആത്മാവിനെ സുഗന്ധിക

രിച്ചോ? ദൈവസ്നേഹംകൊണ്ടു നിന്റെ ഹൃദയം ഞെരുക്കപ്പെട്ടോ? പാപത്തിന്നു മരിച്ചു ദൈവത്തിന്നായി ജീവിപ്പാൻ നീ യേശുരക്ഷിതാവിന്നു നിന്നെത്തന്നെ പ്രതിഷ്ഠിച്ചുവോ? വിശ്വാസത്തിന്റെ ആത്മാവിൽ നീ ക്രിസ്തുവിനെ കൈക്കൊണ്ടുവോ? ഇതെല്ലാം നിന്റെ കാര്യത്തിൽ സത്യമായിരുന്നെങ്കിൽ യേശുക്രിസ്തുവിങ്കലേക്കു സ്നാനപ്പെട്ടവൻ എന്ന നിലയിൽ ദൈവവചനം നിന്നെ പഠിപ്പിക്കുന്നതു് എല്ലാം നീ പിന്നെയും പിന്നെയും ധ്യാനിക്കുക. റോമ: 6: 2—14. അല്ലെങ്കിൽ നിന്നെ സംബന്ധിച്ചും നിന്റെ സ്നാനത്തെ സംബന്ധിച്ചും ദൈവവചനത്തിന്റെ നിരൂപണങ്ങൾ അശേഷവും ചേരുന്നില്ലെന്നു് ഓർത്തുകൊൾക. (തുടരും)

---

# ദാനിയേൽപ്രവചനം.

## പീഠിക.

ദാനിയേലിന്റെ പ്രവചനം പഴയനിയമത്തിലെ വെളിപ്പാടുപുസ്തകമാണെന്നു ഡോക്ടർ ഡബ്ലിയു. ജി. മൂർഹെഡ് അഭിപ്രായപ്പെടുന്നു. മേലാൽ സംഭവിക്കേണ്ടുന്ന സംഗതികളുടെ പ്രദർശനമത്രെ വെളിപ്പാടു്. ഇങ്ങനെയുള്ള വെളിപ്പാടുകളിൽ രൂപങ്ങൾ അധപ, സാദൃശ്യങ്ങൾ ധാരാളമുണ്ടായിരിക്കും. ചെവിയെക്കാൾ കണ്ണിനോടാണു് ഈമാതിരി ഗ്രന്ഥങ്ങൾക്കു് അധികം സംബന്ധമുള്ളതു്.

1. ദാനിയേൽപ്രവാചകൻ:—ഇവൻ ഒരു ഉയർന്ന കുലത്തിൽ ജനിച്ചവനായിരുന്നു. പക്ഷേ രാജകുലത്തിലായിരിക്കാം. (1: 3) പ്രവാസത്തിലുള്ള അവന്റെ കൂട്ടുകാരും കുലീനന്മാരായിരുന്നു. ഉറപ്പും വിശ്വസ്തതയും സത്യവുംകൊണ്ടു വേദപുസ്തകത്തിൽ അവനു് അനന്യസാധാരണമായ ഒരു സ്ഥാനം ലഭിച്ചിരിക്കുന്നു. ഏതു പരിശുദ്ധന്മാരേക്കുറിച്ചും വേദത്തിൽ ന്യൂനത പറഞ്ഞിട്ടുണ്ടു്. എന്നാൽ ദാനിയേലിനെക്കുറിച്ചു് അങ്ങനെ പറഞ്ഞിട്ടില്ലെന്നുള്ളതു് അവന്റെ വൈശിഷ്ട്യത്തിന്നു തക്ക കാരണം തന്നെ. ബാബിലോൻരാജാവു ദാനിയേലിനെയും .. ചങ്ങാതികളെയും തനിക്കു് ഉപയോഗമുള്ള ആയുധങ്ങളാക്കിത്തീർപ്പാൻ ശ്രമിച്ചു. അവർക്കു ജാതികളുടെ ഇടയിൽ നടപ്പുള്ള പേരുകൾ ഇടുകയും ജാതികളുടെ ഭക്ഷണം ഭക്ഷിപ്പാൻ അവരെ നിർബന്ധിക്കുകയും ചെയ്തു. എങ്കിലും അവരുടെ ഹൃദയങ്ങളെ കീഴ്പ്പെടുത്തുവാൻ അവനു സാധിച്ചില്ല. ദൈവത്തോടുള്ള നമ്മുടെ മുറകളെ നിവർത്തിക്കുന്നതിന്നും ഭക്തി പരിശീലിക്കുന്നതിന്നും സ്ഥലവ്യത്യാസമില്ലെന്നും അതിനാൽ യെരുശലേ

മിദലപ്പോലെയുള്ള ജീവിതം ബാബിലോനിലും വേണ്ടതാണെന്നും അവർ ഗ്രഹിച്ചിരുന്നു.

II പുസ്തകത്തിന്റെ പ്രാമാണ്യം:— ദാനിയേൽപ്രവചനത്തിന്റെ പ്രാമാണ്യത്തെ ശക്തമായി എതിർത്തതു പോർഫിറി എന്ന വിജാതിയായിരുന്നു. ഇവൻ മൂന്നാംനൂറ്റാണ്ടിലാണ് ജീവിച്ചിരുന്നതു്. ഇവന്റെ സ്വദേശം സുറിയാ. ഇക്കാലത്തെ ഉഗ്രനിരൂപകന്മാർ (Higher Critics) ഇവന്റെ അനുഗാമികൾ തന്നെ. ദാനിയേൽ മരിച്ച് ഒരു മുന്നൂറ്റമ്പതു വർഷങ്ങൾ കഴിഞ്ഞിട്ട് അതായതു ബി. സി. 170-ൽ (അന്ത്യോകസ്സിന്റെ കാലശേഷം) ആണ് ഈ പുസ്തകം എഴുതപ്പെട്ടതെന്ന് ഇവർ സിദ്ധാന്തിക്കുന്നു. എന്നാൽ പ്രസ്തുതപുസ്തകത്തിന്റെ പ്രാമാണ്യതയെ കാണിക്കുന്ന ഏതാനും തെളിവുകൾ പാരായണികന്മാരുടെ പ്രയോജനത്തിനായി താഴെ ചേർക്കുന്നു.

1. പുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്ന ദർശനങ്ങൾ ദാനിയേൽ കണ്ടതായും (7: 2; 8: 2; 9: 2.) ദൈവനിയോഗപ്രകാരം ദാനിയേൽ തന്നെ അവയെ എഴുതിവച്ചതായും (12: 4.) പ്രകൃതഗ്രന്ഥത്തിൽ പറഞ്ഞുകാണുന്നു. അതിനാൽ ഗ്രന്ഥകർത്താവു വഞ്ചനപെരുമാറിയെന്നു പറവാൻ പാടില്ല.

2. ഈ പുസ്തകത്തെ യെഹസ്കേൽ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. (14: 14, 20) നോഹയും യോബും യഥാർത്ഥപുരുഷന്മാരായിരുന്നു എന്നു തിരുവചനത്തിൽ പറയുന്നതുപോലെയത്രേ ദാനിയേലിനെക്കുറിച്ചും പറയുന്നതു്. യെഹസ്കേൽ 28: 3.-ൽ ദാനിയേലിനെക്കുറിച്ച് അവൻ ജ്ഞാനിയെന്നും അവനിൽ നിന്നു മറച്ചുവെക്കാവുന്ന ഒരു രഹസ്യവുമില്ലെന്നും പറഞ്ഞിരിക്കുന്നതു നോക്കുക. ദാനിയേൽ 5: 12—16-നോട് ഈ വേദാംശത്തിന് ഒരു പ്രത്യേകസംബന്ധമുണ്ട്. ദാനിയേലിനു സംശയപരിഹാരം ചെയ്യുന്നതിനും മർമ്മങ്ങളെ വെളിപ്പെടുത്തുന്നതിനും കഴിയുമെന്നു രാജ്ഞിയും ബേൽശസറും സാക്ഷിപ്പെടുത്തുന്നു. ഈ സാക്ഷ്യം യെഹസ്കേൽ, ദാനിയേലിന്റെ സഹജീവിയും സഹപ്രവാസിയുമാണെന്നുള്ളതിനെക്കാൾ വിലയേറിയ ഒരു തെളിവാകുന്നു. ഉഗ്രനിരൂപകന്മാരിൽ വെച്ച് അത്യുഗ്രമതികൾ തന്നെയും യെഹസ്കേൽപ്രവാചകത്തിന്റെ പ്രാമാണ്യത്തെ എതിർത്തിട്ടില്ല. എന്നുമാത്രമല്ല പഴയനിയമത്തിലെ ഇതരഗ്രന്ഥങ്ങളുടെ പ്രാമാണ്യത്തിനു യെഹസ്കേൽപ്രവചനത്തിൽ നിന്നു വല്ല തെളിവും കിട്ടുമോയെന്ന് അവർ നോക്കുകയും പതിവാണ്.

3. നമ്മുടെ കർത്താവു ദാനിയേൽപ്രവചനത്തിന്റെ പ്രാമാണ്യത്തെ സമ്മതിക്കുന്നു. മത്തായി 24: 15. ദാനിയേൽപ്രവാചകനെന്നു കർത്താവു പറഞ്ഞിരിക്കുന്ന വാക്കുകളിൽ നിന്നു പ്രസ്തുതപ്രവാചകനും അദ്ദേഹത്തിന്റെ ഗ്രന്ഥത്തിനും കർത്താവു പ്രാധാന്യം കൊടുക്കുകയാണ് ചെയ്യുന്നതു്.

കൂടാതെ ശൂന്യമാക്കുന്ന മ്ലേച്ഛതയെക്കുറിച്ചു കർത്താവു പറ
ഞ്ഞിരിക്കുന്നതു ദാനിയേൽ 9: 24—27-ലും, 12-ാം അദ്ധ്യായത്തി
ലുമുള്ള പ്രവചനഭാഗങ്ങൾ കർത്താവിന്റെ കാലം വരെയ്ക്കും നി
വൎത്തിച്ചിട്ടില്ലെന്നു കാണിക്കുന്നു. അതുകൊണ്ടു ദാനിയേൽപ്രവച
നത്തിന്റെ അധികഭാഗവും അന്ത്യോക്കസിന്റെ കാലത്തുള്ള പീ
ഡയെ കാണിക്കുന്നതല്ല. പിന്നെയോ, അതിലും കഷ്ടതരമായി വ
ന്നിട്ടു വരുവാൻപോകുന്ന ഒരു പീഡയെ കാണിക്കുന്നതാകുന്നു. 11:
31-ാം വാക്യം അന്ത്യോക്കസിനെ സംബന്ധിക്കുന്നതാണ്. എന്നാൽ
അതേവാക്കുപയോഗിച്ചിരിക്കുന്ന മറ്റു രണ്ടിടങ്ങൾ അന്ത്യോക്കസി
ന്റെ ചരിത്രത്തെയല്ല കാണിക്കുന്നതു് എന്നുള്ളതിനു കർത്താവു ത
ന്നെ സാക്ഷി.

4. 1 മക്കാബി 2-ൽ 49—68 വരെയുള്ള വാക്യങ്ങൾ ദാ
നിയേലിന്റെ പുസ്തകം അന്ത്യോക്കസിനു വളരെക്കാലം മുമ്പ് എ
ഴുതപ്പെട്ടതായി കാണിക്കുന്നു.

5. പഴയനിയമത്തിന്റെ സെപ്'റ്റുവജിന്റു തൎജ്ജിമ
അന്ത്യോക്കസിനു മുമ്പു ചെയ്തിട്ടുള്ളതാണ്. അതിൽ ദാനിയേലി
ന്റെ പുസ്തകം കാണുന്നതിനാൽ ആ പുസ്തകം അവന്റെ കാല
ത്തിനു മുമ്പ് എഴുതപ്പെട്ടതു തന്നെ.

6. ക്രിസ്തുവിനു 332 വൎഷങ്ങൾക്കു മുമ്പു യദുവാ എന്ന പ്ര
ധാനാചാൎയ്യൻ മഹാനായ അലക്'സന്തറിനെ പ്രസ്തുതപുസ്തകം കാ
ണിച്ചതായി യോസിഫസ് പറഞ്ഞിരിക്കുന്നു. ഇതിൽനിന്ന് അ
ന്ത്യോക്കസിനു വളരെ മുമ്പുതന്നെ ഈ പുസ്തകം ഉണ്ടായിരുന്നതാ
യി തെളിയുന്നു.

7. ബാബിലോൻനഗരത്തിന്റെ ശൂന്യശിഷ്ടങ്ങൾ ദാനിയേ
ൽപ്രവചനത്തിൽ പറഞ്ഞിരിക്കുന്ന ചരിത്രാംശങ്ങൾക്കും ബാബി
ലോന്യരുടെ ഇടയിലുള്ള ആചാരനടപടികൾക്കും വിലയേറിയ
തെളിവുകളാണ്. 800 വൎഷങ്ങൾക്കിപ്പുറം എഴുതപ്പെട്ട ഒരു പുസ്ത
കമാണെങ്കിൽ ആവക സൂചനകൾ ഇത്ര ശരിയായിരിപ്പാൻ കഴി
യുന്നതല്ല. ലെനാർമെന്റ് എന്ന നിഷ്പ്രശാസ്ത്രി (Lenormant)
തന്നെ പറയുന്നതു്, “ക്യൂണിഫോറംലിപികളുടെ അറിവു വൎദ്ധിച്ചു
വരുന്തോറും ജൎമ്മൻനിരൂപകന്മാർ ദാനിയേലിന്റെ പുസ്തകത്തെ
സംബന്ധിച്ചു ചെയ്തിട്ടുള്ള അതിസാഹസങ്ങളായ കുറ്റവിധികൾ
തിരുത്തേണ്ട ആവശ്യകതയും വൎദ്ധിച്ചുവരുന്നു”. ബാബിലോൺ,
ഈജിപ്റ്റ്, നിനവേ, പലസ്തീൻ മുതലായ നാടുകളിൽ മണ്ണിനടി
യിൽ കിടന്നിരുന്ന ശിലാരേഖകൾ ഇപ്പോൾ ഇതാ തിരുവചനസ
ത്യതയ്ക്കു സാക്ഷ്യം പറഞ്ഞുകൊണ്ടു വെളിക്കിറങ്ങിയിരിക്കുന്നു. ഈ
തെളിവുകളാൽ വിവാദപുസ്തകത്തിന്മേൽ യാതൊരു കുറ്റങ്ങളും
ആരോപിപ്പാൻ ഇല്ലെന്നു നാം തീൎച്ചയാക്കുകതന്നെ.

## പുതിയനിയമലിഖിതങ്ങളുടെ

# കാലക്രമപ്പട്ടിക.

ആകെ ഇരുപത്തേഴു പുസ്തകങ്ങളുടങ്ങിയ പുതിയനിയമത്തെ സുവിശേഷം, സഭാചരിത്രം, ലേഖനം, പ്രവചനം എന്നിങ്ങനെ നാലായി പിരിക്കാം. ഓരോ ഇനത്തിലും പെട്ട പുസ്തകങ്ങളുടെ ഉല്പത്തി ഏതേതു വർഷത്തിലെന്ന് ഒരു വലിയ വേദശാസ്ത്രിയായ ലാർക്കിൻ (Professor Larkin) പണ്ഡിതന്റെ കണക്കനുസരിച്ചു താഴെ ചേർക്കുന്നു.

| പുസ്തകങ്ങൾ | എഴുതപ്പെട്ട ആണ്ട് ക്രി. വ. | പുസ്തകങ്ങൾ | എഴുതപ്പെട്ട ആണ്ട് ക്രി. വ. |
|---|---|---|---|
| 1. സുവിശേഷം | | 1 തിമൊഥെയൊസ് | 67 |
| മർക്കൊസ് | 57–63 | 2 തിമൊഥെയൊസ് | 68 |
| ലൂക്കൊസ് | 63 | തീത്തൊസ് | 68 |
| മത്തായി | 66 | | |
| യോഹന്നാൻ | 85–90 | | |
| 2. സഭാചരിത്രം | | ബി. ഇതരലേഖനങ്ങൾ | |
| പ്രവൃത്തികൾ | 65 | യാക്കോബ് | 47 |
| 3. ലേഖനം | | 1 പത്രൊസ് | 60 |
| എ. പൌലിന്റെ ലേഖനങ്ങൾ | | 2 പത്രൊസ് | 66 |
| | | യൂദാ | 66 |
| 1 തെസ്സലൊനിക്യർ | 52 | | |
| 2 തെസ്സലൊനിക്യർ | 53 | | |
| 1 കൊരിന്ത്യർ | 57 | എബ്രായർ | 68 |
| 2 കൊരിന്ത്യർ | 57 | 1 യോഹന്നാൻ | 90 |
| ഗലാത്യർ | 57 | | |
| റോമർ | 58 | 2 യോഹന്നാൻ | 90 |
| എഫെസ്യർ | 62 | 3 യോഹന്നാൻ | 90 |
| ഫിലിപ്പിയർ | 62 | | |
| കൊലൊസ്സ്യർ | 62 | 4. പ്രവചനം | |
| ഫിലേമോൻ | 62 | വെളിപ്പാട് | 96 |

ഈ പട്ടികയിൽനിന്നു പുതിയനിയമത്തിൽ ഇപ്പോൾ കാണുന്ന രീതിയിൽ അതായതു ആദ്യം മത്തായിയുടെ സുവിശേഷം, പിന്നീടു മർക്കൊസിന്റെ സുവിശേഷം എന്നീ ക്രമത്തിലല്ലാ പുസ്തകങ്ങൾ എഴുതപ്പെട്ടതെന്നു തെളിയുന്നു. 57–63 എന്നതിനു 57–നും 63–നും ഇടക്കു് എന്നർത്ഥം.

# കുറിപ്പുകൾ.

“സുവാർത്താദൂതൻ” മാസികയിലെ ഒന്നുരണ്ടു പ്രസംഗങ്ങളെ ഖണ്ഡിച്ചു വിദ്യോജീവൻ മാസിക രണ്ടാംപുസ്തകം ഒന്നാംലക്കത്തിൽ ഞങ്ങൾ എഴുതിയിരുന്നതു വായനക്കാർ കണ്ടിരിക്കുമല്ലോ. ഇതിനു സമാധാനമായി കഴിഞ്ഞലക്കം ദൂതൻ ചില ദീനസ്വരങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു. ന്യായത്തിനു ന്യായം പറഞ്ഞു ഖണ്ഡിപ്പാൻ കഴിയാതെ മുഷിഞ്ഞു പറയുന്നതുകൊണ്ടു പ്രയോജനമില്ലെന്നു ദൂതൻ ഗ്രഹിക്കാത്തതിൽ ഞങ്ങൾക്കു ദുഃഖമുണ്ട്. കടലാസ്സുവിലയും അച്ചടിക്കൂലിയും വർദ്ധിച്ചിരിക്കുന്ന ഇക്കാലത്തു മാസികയുടെ രണ്ടുപേജു പ്രലാപംകൊണ്ടു കഴിക്കാതെ ഞങ്ങളുടെ ന്യായങ്ങളെ ഖണ്ഡിപ്പാൻ ശ്രമിച്ചിരുന്നെങ്കിൽ നന്നായിരുന്നു. അതു ചെയ്യാത്ത സഹജീവി ഇനിയുമെങ്കിലും ഞങ്ങളുടെ ഖണ്ഡനപ്രസംഗങ്ങൾക്കു മറുപടി പറയുന്നതായാൽ ഞങ്ങൾ വളരെ കൃതജ്ഞരായിരിക്കുന്നതാണ്.

* * *

“വിദ്യോജീവ”ന്റെ അച്ചടി മനോരമപ്രസ്സിലേക്കു മാററിയിരിക്കുന്നതിനാൽ കാലം തെററാതെയും ഭംഗിയായ അച്ചടിയിലും മാസിക കിട്ടുമെന്നു വായനക്കാർക്ക് ആശിക്കാം. ഞങ്ങൾക്കോ വരിക്കാർ പത്രവരി മുമ്പേറായി അടച്ചുതരാഞ്ഞാൽ നിരാശക്കു മാത്രമാണ് വഴിയുള്ളത്. ഈ വാസ്തവം പത്രസഖാക്കളെ അറിയിച്ചുകൊള്ളുന്നു.

* * *

ക്രിസ്ത്യാനികളുടെ നേരെ വളരെ പീഡ നടത്തിയ റോമാക്കൈസറായ ജൂലിയൻ പോർക്കളത്തിൽവെച്ച് ഒരു കുന്തം കൊണ്ടുള്ള കുത്തേററാണ് മരിച്ചത്. മരണസമയത്ത് അവൻ കർത്താവിനെ ഉദ്ദേശിച്ച് അല്ലയോ ഗലീലക്കാരാ, നീയാണ് ജയിച്ചത് എന്നു വിലപിച്ചു. ഇദ്ദേഹത്തിന്റെ മരണവാർത്ത എത്തുന്നതിന് അല്പംമുമ്പു കൈസരുടെ ഒരു സ്നേഹിതൻ ഒരു വൃദ്ധനായ ക്രിസ്ത്യാനിയോടു “നിങ്ങളുടെ തച്ചൻ ഇപ്പോൾ എന്തു ചെയ്യുന്നു?” എന്നു ഹാസ്യമായി ചോദിച്ചതിന് “അദ്ദേഹം ഇപ്പോൾ ഒരു ശവപ്പെട്ടി പണിയുകയാണ്” എന്ന് ആ വൃദ്ധൻ മറുപടി പറഞ്ഞു.

* * *

മൂഡിസായ്പ് ഒരു പ്രസിദ്ധ പ്രാസംഗികനായിരുന്നവെന്ന് ഏവർക്കും അറിവുള്ളതാണല്ലോ. പതിനേഴു വയസ്സുള്ളപ്പോൾതന്നെയും അദ്ദേഹത്തിനു ശരിയായി വായിപ്പാനോ എഴുതുവാനോ കഴിഞ്ഞില്ല. ഒരു ബൈബിൾക്ലാസ്സിൽവെച്ച് അദ്ദേഹത്തോടു യോഹന്നാന്റെ സുവിശേഷം എടുപ്പാൻ പറഞ്ഞപ്പോൾ അദ്ദേഹം

* * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * * *

പഴയനിയമപുസ്തകം കീറിക്കളയുകയാണുണ്ടായത്. എങ്കിലും മനസ്സുതിരിവിന്റെ ശേഷം അദ്ദേഹം പ്രാർത്ഥനയോടുകൂടി വേദപുസ്തകം പഠിക്കയും ഒരു നല്ല വേദപണ്ഡിതനായിത്തീരുകയും ചെയ്തു. ഒരുത്തനു ജ്ഞാനം കുറവാകുന്നുവെങ്കിൽ ദൈവത്തോടു യാചിക്കട്ടെ, അവനു ലഭിക്കും. യാക്കോ: 1: 5.

* * *

ഒരിക്കൽ വിക്ടോറിയാരാജ്ഞിയുടെ മകളായ ആലീസ്സു രാജകുമാരിയോടു നീ ആര്? എന്ന് ഒരു അപരിചിതൻ ചോദിച്ചു. അവളുടെ മാധുര്യമുള്ള മറുപടി ഇപ്രകാരമായിരുന്നു. എന്നെക്കുറിച്ചു പറവാൻ ഒന്നുമില്ല. പക്ഷെ എന്റെ അമ്മ ഇംഗ്ലണ്ടിന്റെ രാജ്ഞിയാണ്. ദൈവപൈതങ്ങൾക്കും ഇപ്രകാരമാണല്ലോ പറവാനുള്ളത്.

* * *

വിയന്നാനഗരത്തിലെ പ്രസിദ്ധ നടിയായിരുന്ന ഹെലീനാ ഒഡിലിയൻ എന്ന സ്ത്രീ ഇപ്പോൾ തീപ്പെട്ടി വിററു കാലയാപനം ചെയ്യുന്നു. അവരുടെ യൌവ്വനത്തിൽ അവരെ ഒരു നോക്കു കാണുന്നതിനായി മാത്രം ആയിരംരൂപയിലധികം വില വരുന്ന ടിക്കററു വാങ്ങി നാടകശാലയിൽ പോയിരുന്നവരിൽ പലരും ഇപ്പോൾ ജീവിച്ചിരിപ്പുണ്ടത്രെ. ബർലിൻ നഗരത്തിലാണ് ഇപ്പോൾ ഇവർ താമസിക്കുന്നത്. വിചിത്രാകൃതിയിൽ ഒരു തൊപ്പി ധരിച്ച് അതിന്മേൽ "പട്ടിണിയിൽനിന്നു രക്ഷപെടാനുള്ള ഒഡിലിയന്റെ ഒടുവിലത്തെ അഭിനയം" എന്നു വലിയ അക്ഷരത്തിൽ വെട്ടി പററിച്ചിട്ടുണ്ട്. (സാ: ക്ലൂ) ലാവണ്യം വ്യാജവും സൌന്ദര്യം വ്യർത്ഥവുമാകുന്നു. യഹോവാഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും. സദൃ: 31: 30.

* * *

എഡ്വേർഡ് ചക്രവർത്തി നോർവിച്ചുനഗരത്തിൽ ഒരു സ്കൂൾ സന്ദർശിച്ചപ്പോൾ അവിടെയുണ്ടായിരുന്ന 11000 കുട്ടികൾ എഴുന്നേററുനിന്നു "ദൈവം രാജാവിനെ രക്ഷിക്കട്ടെ" എന്നുള്ള പാട്ടുപാടി. രാജാവു സ്കൂളിൽനിന്ന് ഇറങ്ങിയ ഉടനെ ഒരു ചെറിയ പെൺകുട്ടി കരയുന്നതായി അദ്ധ്യാപകൻ കണ്ടു, "പ്രിയകുട്ടി! നീ എന്തിനായിട്ടാണ് കരയുന്നത്? നീ രാജാവിനെ കണ്ടില്ലയോ?" എന്ന് അവളോടു ചോദിച്ചതിന്; അവൾ ഏങ്ങലടിച്ചുകൊണ്ടു "യജമാനനേ രാജാവിനെ ഞാൻ കണ്ടു: എങ്കിലും രാജാവ് എന്നെ കണ്ടില്ല. അതുകൊണ്ടാണ് ഞാൻ കരയുന്നത്" എന്നു പറഞ്ഞു. രാജാക്കന്മാരുടെ രാജാവു വരുമ്പോൾ എല്ലാ കണ്ണും അവനെ കാണും. (വെളി: 1: 7) എന്നാൽ പ്രിയസ്നേഹിതാ, വെള്ള ധരിച്ച പാപിയായി നിന്നെ അവൻ കാണുമോ?